LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2015 ഒക്ടോബർ വാല്യം 10 ലക്കം 9
















ഒക്ടോബർ 1,2,3 തീയ്യതികളിൽ നടന്ന തിരുവല്ല പുതിയ ചർച്ച്ഹാൾ ഉത്ഘാടനവും കൺവെൻഷനും ദേവസ്യാ മുല്ലക്കരസാർ മുഖ്യപ്രഭാഷണം നടത്തുന്നു. ചർച്ച് പാസ്റ്റർ യേശുദാസ് ശുശ്രൂഷിക്കുന്നു. അത്ഭുതകരമായ രോഗസൗഖ്യങ്ങൾ

# അടിസ്ഥാന ദൈവശാസ്ത്രം

ആമുഖം ഭാഗം-4

## FUNDAMENTAL KNOWLEDGE OF THEOLOGY

Intro. Part-4

# അടിസ്ഥാന ദൈവശാസ്ത്രം

### ആമുഖം ഭാഗം- 3

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

# Fundamental Knowledge of THEOLOGY

### Introduction Part-3

Apostle Devasia Mullakkara

**നിത്യജീവൻ**

ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ മുഖപത്രമാണ് ആത്മാഭിഷേകം. ആത്മാഭിഷേകത്തിന്റെ 15 മാസികകളിലായി യഥാർത്ഥ സഭയുടെ അടിസ്ഥാന ദൈവശാസ്ത്രം എഴുതുവാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ 3 മാസങ്ങളിലായി ഇതിന് ആമുഖമായി അത്യാവശ്യകാര്യങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. ഈ മാസവും കൂടി എഴുതിയാൽ ആമുഖലേഖനങ്ങൾ തീരുമെന്ന് പ്രതീക്ഷിക്കുന്നു. അതായത്, ദൈവശാസ്ത്രം, എന്ന യഹോവയെക്കുറിച്ചുള്ളതും, ക്രിസ്തുശാസ്ത്രം എന്ന ക്രിസ്തുവെന്ന ദൈവപുത്രനും ദൈവവും ആയ യേശുക്രിസ്തുവിനെക്കുറിച്ചുള്ളതും പരിശുദ്ധാത്മശാസ്ത്രം എന്ന ദൈവാത്മാവിനെക്കുറിച്ചുള്ളതുമായ കൂടുതൽ വചനാധിഷ്ഠിതസത്യങ്ങളിലേക്ക് നാം പ്രവേശിക്കും. അതിനുമുമ്പ് ബൈബിളിലെ സംഭവപരമ്പരകളിലേക്ക് ഏത് മനോഭാവത്തോടെ നാം കടക്കണം എന്ന് വായിച്ചും പഠിച്ചും ചിന്തിച്ചും പ്രചരിപ്പിച്ചും ആത്മനിറവനുഭവിക്കുക എന്നതാണ് ഈ ആമുഖങ്ങളുടെ ലക്ഷ്യം. ഏതെങ്കിലും പൗരോഹിത്യ ക്രിസ്തീയമതങ്ങളുടെ അടിസ്ഥാന ദൈവശാസ്ത്രമല്ല ഇവിടെ എഴുതിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും നവീകരണസഭകളുടെ ദൈവശാസ്ത്രചിന്തകളും അല്ല. അവയെല്ലാം ഈ ലേഖകൻ വായിച്ചിട്ടുണ്ട്. പഠിക്കുവാൻശ്രമിച്ചിട്ടുമുണ്ട്. യാതൊരു കാരണവശാലും നിത്യജീവൻ നഷ്ടമാകരുതെന്ന് നിർബന്ധമുള്ള ഒരു വിശ്വാസവിശുദ്ധഭക്തന് കൃപയാൽ മാത്രം ലഭിക്കുന്ന മഹാഭാഗ്യം നേടിയെടുക്കുവാൻ ആവശ്യമായവയാണ് ഇവിടെ രേഖപ്പെടുത്തുന്നത്. അത്തരം നിർബ്ബന്ധമുള്ള ഒരു ശുശ്രൂഷകന് പഠിച്ച് പഠിപ്പിച്ച് ദൈവരാജ്യത്തെ പ്രചരിപ്പിക്കുവാനും കഴിയണം. ആദ്യം പറഞ്ഞ ഭക്തന്മാരായ വിശ്വാസവിശുദ്ധവീരന്മാർക്കും, രണ്ടാമത് പറഞ്ഞ, ഡിനോമിനേഷനുകൾക്കപ്പുറത്ത് ദൈവരാജ്യാനുഭവത്തോടെ ശുശ്രൂഷ ചെയ്യുവാനാഗ്രഹിക്കുന്നവർക്കും മാത്രമാണ് ഇവ ഉപകരിക്കുക. ബാക്കിയുള്ളവർക്ക് അവർ പഠിച്ച ബൈബിൾ കോളേജുകളിൽ നിന്നും കിട്ടിയത് വെച്ച് ഇതിനെ അളക്കുവാനും ഈ എഴുത്തുകാരനെ കണക്കറ്റ് ലോകത്തിന്റെ മുമ്പിൽ വലിച്ചലക്കുവാനും മാത്രമെ ഉപകരിക്കൂ. പക്ഷെ ഇതിനെ അങ്ങനെ തഴയുന്നവർ ലക്ഷങ്ങളാണങ്കിൽ സ്വീകരിച്ച് പഠിച്ച് അതനുസരിച്ച് ആത്മീയജീവിതം വളർത്തിയെടുത്ത് നിത്യജീവൻ പ്രാപിക്കുന്നവർ ലക്ഷോപലക്ഷങ്ങൾ ആയിരിക്കുമെന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നുണ്ട്, ഹല്ലേലുയ്യാ !

**നിത്യജീവൻ (ദൈവരാജ്യാനുഭവം)**

ഒരിക്കലും അവസാനിക്കാത്ത ആത്മീയജീവനാണ് നിത്യജീവൻ. നിത്യജീവൻ നൽകുന്നത് യേശുക്രിസ്തുവാണ്. "അവൻ (യേശുക്രിസ്തു)

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ,
സ്റ്റിൽസ്: ജസ്റ്റിൻ തോമസ്,
ലേഔട്ട് & ഡിസൈൻ : ജീമോൻ




സത്യദൈവവും നിത്യജീവനും ആകുന്നു" എന്ന വചനം 1 യോഹന്നാൻ 5:20-ൽ നാം വായിക്കുന്നു. ഈ നിത്യ ജീവൻ നമ്മിൽ പ്രവേശിക്കുന്നത് നാം വീണ്ടും ജനിക്കുമ്പോഴാണ്. "ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കാൻ ആർക്കും കഴിയുകയില്ല" (യോഹ.3:5).

അതായത് ദൈവരാജ്യാനുഭവത്തിലേക്ക് നാം വരണമെങ്കിൽ വീണ്ടും ജനിച്ചില്ല എങ്കിൽ കഴിയുകയില്ല. മാനസാന്തരപ്പെട്ട ഒരു വ്യക്തി ദൈവവചനമാകുന്ന അമ്മയിലൂടെ ദൈവാത്മാവാകുന്ന പിതാവിൽനിന്നും (ആദ്യജനനം ഭൂമിയിലെ മാതാപിതാക്കന്മാരിലൂടെ ആയിരുന്നുവല്ലോ) വീണ്ടും ജനിച്ചാൽ മാത്രമേ സ്വർഗ്ഗരാജ്യം ലഭിക്കൂ എന്ന് യേശുക്രിസ്തു പഠിപ്പിക്കുകയായിരുന്നു, നിക്കോദേമോസിനെയും നമ്മളെയും. ഒരു മനുഷ്യൻ യഹൂദന്യായപ്രമാണം അനുസരിച്ചാൽ അയാൾക്ക് രക്ഷ കിട്ടുമെന്നായിരുന്നു പരീശന്മാരുടെ മുഴുവൻ പേരുടെയും പ്രത്യേകിച്ച് നിക്കോദേമോസിന്റെയും ധാരണ. പുറമേയുള്ള, വസ്ത്രധാരണരീതി, ആഭരണവർജ്ജനം തുടങ്ങിയവകൊണ്ടും, കൈകൾകൊണ്ടോ പുറമേയുള്ള അവയവങ്ങൾ ചലിപ്പിച്ചുകൊണ്ടുള്ള ഡാൻസിംഗ്മെത്തേഡിലുള്ള ആരാധന കൊണ്ടോ അല്ല നിത്യജീവനെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ബുദ്ധിയുള്ള ആരാധനയേതെന്ന് റോമാ. 12:1,2 വാക്യങ്ങൾ വായിച്ച് പഠിച്ച് ആരാധനാ ജീവിതത്തിലും ആന്തരികമാറ്റങ്ങൾക്ക് പ്രാധാന്യം കൊടുക്കുമെങ്കിലേ നിത്യജീവൻ ലഭിക്കൂ, തീർച്ച.

ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ ചെയ്തതുകൊണ്ട് ഒരുവൻ രക്ഷിക്കപ്പെടുകയില്ലെന്ന് യേശു പറയുകയായിരുന്നു. കാരണം സ്വതവേ പാപിയായ മനുഷ്യന് സ്വർഗ്ഗപ്രവേശനം ഇല്ല. പുതുതായി ജനിച്ചാലെ കഴിയൂ. ക്രിസ്തുവിലുള്ള വിശ്വാസത്താൽ അവിടുത്തെ രക്തത്താൽ പാപപ്രക്ഷാളനം നടക്കണം. അങ്ങനെ ഭൂമിയിലും സ്വർഗ്ഗത്തിലും ദൈവത്തിന്റെ ആധിപത്യം മനുഷ്യന്റെ മേൽ വരണം. അതാണ് ദൈവരാജ്യം. ദൈവരാജ്യത്തിൽ കടക്കുന്നതും നിത്യജീവനിൽ പ്രവേശിക്കുന്നതും ഒന്നു തന്നെയാണ്. (പാപം ചെയ്യാതിരിക്കാൻ പരിശുദ്ധാ

## ഉള്ളടക്കം


- സത്യത്തിന്റെ പരിജ്ഞാനം 2–15
- ശ്വാസകോശത്തിന് ലീക്ക് സുഖപ്പെട്ടു 06
- 20 വർഷമായ സോറിയാസിസ് സുഖമായി 12
- ആരാധനാ കേന്ദ്രങ്ങൾ 16 – 20
- സത്യത്തിന്റെ പരിജ്ഞാനം 21 – 33
- ദർശനം യാഥാർത്ഥ്യമായപ്പോൾ 21
- തലമുറയെ നൽകി കരുതുന്ന ദൈവം 22
- ടെന്നീസ് എൽബോ സുഖപ്പെട്ടു 23
- നടുവിന്റെയും കാലിന്റെയും പൊട്ടലിൽ നിന്നും വിടുതൽ 27
- പ്രാർത്ഥനയ്ക്ക് ശേഷം സ്കാൻ ചെയ്തപ്പോൾ മുഴ കാണാനില്ലെന്ന് ഡോക്ടർ 30
- വീടുവിട്ട് പോയ മകൻ തിരിച്ചുവന്നു 31
- വാർത്തകൾ 34
- പ്രോഗ്രാം ചാർട്ട് 35




ത്മാവ് സഹായിക്കും) ആദ്യം മാനസാന്തരവും തുടർന്ന് ക്രിസ്തുവിലുള്ള വിശ്വാസവും ഒരാളിൽ സംഭവിക്കുമ്പോൾ ത്രീയേകദൈവം മനുഷ്യനിൽ പ്രവേശിക്കുന്നു. അതോടെ ആത്മീയ ജീവിതം ആയി. അപ്പോൾ അയാളെപ്പറ്റി ആത്മാവിൽ (വചനത്താലും) ജനിച്ചവൻ എന്നു പറയാം. ഈ ആത്മീയ ജീവനാണ് നിത്യജീവൻ. വീണ്ടും ജനിക്കാത്തവന് ദൈവരാജ്യമില്ല, നിത്യജീവനുമില്ല. ഇത് സംഭവിക്കുന്നത് ക്രിസ്തു വിശ്വാസത്താലാണ്. ദൈവമായ യേശു മനുഷ്യനായി ഭൂമിയിൽ വന്ന് നീചമായി കൊല്ലപ്പെട്ടത്, നമുക്ക് നിത്യജീവൻ നൽകാൻ വേണ്ടിയായിരുന്നു. നാം പാപസ്വഭാവമുള്ള ഒരു ലോകത്തിലെ പ്രജകളായിട്ടാണ് ജനിച്ചത്. ദൈവരാജ്യത്തിലെ പ്രജകളായിത്തീരുന്നതിന് നമ്മുടെ പാപസ്വഭാവം മരിക്കുകയും നാം ആത്മാവിൽ വീണ്ടും ജനിക്കുകയും വേണം. അങ്ങനെ മാത്രമെ നിത്യജീവൻ പ്രാപിച്ച് സ്വർഗ്ഗത്തിലാകാൻ കഴിയൂ. ഭൂയിൽ ജീവിച്ചിരിക്കുമ്പോൾ യഥാർത്ഥ സന്തോഷവും സമാധാനവും അനുഭവിക്കാനും കഴിയൂ; ബൈബിളും ആരാധനാ ജീവിതവും നിത്യജീവനെന്ന ദൈവരാജ്യാനുഭവം നമുക്ക് നൽകുന്നു.

**ആത്മാവിൽ ജനിക്കുക**

**"ആത്മാവിൽ ജനിച്ചത് ആത്മാവാകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്ന് ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുത്. കാറ്റ് ഇഷ്ടമുള്ളേടത്ത് ഊതുന്നു; അതിന്റെ ശ്ബ്ദം നി കേൾക്കുന്നു. എങ്കിലും അത് എവിടെനിന്ന് വരുന്നു എന്നും എവിടേക്കു പോകുന്നുവെന്നും നീ അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെയാകുന്നു" (യോഹ.3:6-8).**

ലോകമനുഷ്യർക്ക് ആത്മാവിൽ ജനിച്ച വ്യക്തികളെ കാണുകയും കേൾക്കുകയും ചെയ്യാൻ പറ്റുമെങ്കിലും അയാളിലുള്ള ആത്മീയപ്രവർത്തനങ്ങളുടെ ജീവനും ശക്തിയും എവിടെനിന്ന് വന്നു എന്ന് മനസ്സിലാക്കുവാൻ പറ്റുന്നില്ല. വചനത്തിന്റെ പ്രസംഗത്തിലൂടെ വെളിപ്പെടുന്ന നിത്യജീവന്റെയും ദൈവരാജ്യത്തിന്റെയും സൗഖ്യാനുഭവങ്ങളുടെയും പ്രവർത്തനങ്ങൾ എവിടെനിന്ന് വന്നു എന്ന് മാനസാന്തരപ്പെട്ട്, വീണ്ടും ജനിച്ച്, ശുദ്ധീകരണവും പ്രാപിക്കാത്തവർക്ക് മനസ്സിലാവുകയില്ല. അത് "കൃപയാലുള്ള ക്രിസ്തു വിശ്വാസത്തിന്റെ" മാത്രം സവിശേഷതയാണ്. നാം ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ (പഴയനിയമത്തിലെ 39 പുസ്തകങ്ങളിൽ അവിടവിടെയായി പ്രത്യക്ഷപ്പെടുന്ന ക്രിസ്തുസംഭവങ്ങളേക്കുറിച്ചുള്ള വചനങ്ങളിലല്ല, പുതിയനിയമത്തിലെ 27 പുസ്തകങ്ങളിലങ്ങോളമിങ്ങോളം നിറഞ്ഞുനിൽക്കുന്ന സാക്ഷാൽ യേശുക്രിസ്തുവിൽ, പുതിയനിയമവചനങ്ങളിലൂടെ) നമുക്ക് സ്വർഗ്ഗരാജ്യാനുഭവം ഉണ്ടാകുന്നു. എന്നാൽ സ്വർഗ്ഗത്തിൽ നാം യഥാർത്ഥത്തിൽ പോകുന്നത് മരണാനന്തരമോ, നാം ജീവിച്ചിരിക്കുമ്പോൾ യേശുക്രിസ്തു വന്ന് മരണം കാണാതെ നമുക്ക് ഉൾപ്രാപണം തരുകയോ ചെയ്യുമ്പോഴാണ് (1 കൊരി.15:52).

ഒരാൾ ആത്മാവിൽ പ്രാർത്ഥിക്കുന്നുവെന്നോ, ആത്മാവിൽ പാടുന്നുവെന്നോ, ആത്മാവിൽ പ്രസംഗിക്കുന്നുവെന്നോ, ആത്മാവിൽ ആരാധിക്കുന്നുവെന്നോ പറയുന്നതിനെ പലരും പല വിധത്തിലാണ് മനസ്സിലാക്കിയിരിക്കുന്നത്. ആത്മാവിൽ പ്രാർത്ഥിക്കുകയെന്നാൽ നമ്മുടെ പ്രാർത്ഥനക്ക് കൃപയാൽ മറുപടി കിട്ടുവാനിടയാകുന്ന വിധത്തിലുള്ള പ്രാർത്ഥന എന്നാണ് അർത്ഥം. അത് ദൈവേഷ്ടമനുസരിച്ചുള്ളതും ദൈവവചനവ്യവസ്ഥ അനുസരിച്ചുള്ളതും ആയിരിക്കും. ആത്മാവിൽ പാടുന്നു എന്നതിന്റെ അർത്ഥം പാടുന്നവരിലും കേൾക്കുന്നവരിലും ദൈവകൃപ നിറഞ്ഞ് തുള്ളിത്തുളുമ്പിയുള്ള പാട്ട് എന്നും, മറ്റേതെങ്കിലും വികാരങ്ങളുണ്ടാകുന്നതിനപ്പുറം നിത്യജീവന്റെയും ദൈവരാജ്യത്തിന്റെയും അനുഭവങ്ങളിലേക്കുയർത്തുന്നതും എന്നാണ്. ആത്മാവിൽ പ്രസംഗിക്കുന്നു എന്നു പറഞ്ഞാൽ ദൈവമായ യേശുക്രിസ്തുവിനേപ്പറ്റി പൗലോസ് തന്റെ ലേഖനങ്ങളിൽ എഴുതിയിരിക്കുന്നതുപോലെ അതിശക്തമായ വചനവെളിപാടുകളോടെ ദൈവവചനം പ്രസംഗിക്കുക എന്നും, കേൾവിക്കാരിൽ മാനസാന്തരത്തിന്റെ ഫലങ്ങൾ ഉളവായി ദൈവ




രാജ്യാനുഭവവും നിത്യജീവന്റെ സന്തോഷവും ഉണ്ടായി സൗഖ്യാനുഭവങ്ങൾ വാരിവിതറുകയെന്നതുമാണ്. ആത്മാവിൽ ആരാധന എന്നു പറഞ്ഞാൽ ജഡത്തിന്റെയും ബുദ്ധിയുടേയും ഭക്തിലഹരിയാർന്ന യാതൊരു സംഭവങ്ങളും ഇല്ലാതെ, ദൈവാത്മാവ് എഴുതിവെച്ച സത്യസുവിശേഷത്തിന്റെ പരംപൊരുളുകളെയും യേശുക്രിസ്തുവിലൂടെയും അപ്പൊസ്തലന്മാരിലൂടെയും വെളിപ്പെട്ടതായ ദൈവരാജ്യാനുഭവവും നിത്യജീവന്റെ തുടിപ്പുകൾ ഉയരുന്നതുമായ വചനവ്യാഖ്യാനങ്ങൾ ഉൾപ്പെട്ട പ്രസംഗത്തിന് പ്രാധാന്യം നൽകിക്കൊണ്ടും ഗാനാലാപനത്തിന്റെയും സ്തുതിപ്പിന്റെയും അഭിഷേകോജ്വലമായ മുഹൂർത്തങ്ങൾ ഉൾക്കൊള്ളുന്നതുമായ മന:സ്സമാധാനത്തിന്റെയും രോഗസൗഖ്യാനുഭവത്തിന്റെയും സാത്താന്യബന്ധനങ്ങളിൽ നിന്നുള്ള വിടുതലിന്റെയും ആത്മീയ നിർവൃതിയുടെ അനുഭവം എന്നുമാണർത്ഥം. ഹൈന്ദവസംവിധാനങ്ങളിൽ കാണുന്ന കൊടുങ്ങല്ലൂരമ്പലത്തിലെ ഗരുഡൻ തൂക്കംപോലെയോ, മക്കയിലെ കല്ലേറുപോലെയോ, ഭജനപ്പാട്ടുകൾ പാടിപ്പാടിതുള്ളിത്തുള്ളി വിയർത്തൊലിച്ച് കാവടിയാട്ടം തുള്ളൽ പോലെയോ, മുഴുനീളെ അന്യഭാഷാലാപനവും ഊതിവീഴ്ത്തലും അലർച്ചയും കൂവലും നടത്തിക്കൊണ്ടുള്ളതും ആയ സംഭവങ്ങൾ പോലെയോ ഒന്നും അല്ല.

യേശു പിതാവിന് നൽകിയ പ്രാർത്ഥനയും ആരാധനയും എങ്ങിനെയുള്ളതാണെന്ന് നോക്കുക; ആദിമസഭയിലെ അപ്പൊസ്തലന്മാർ നടത്തിയ ആരാധന എങ്ങനെയാണെന്ന് നോക്കുക. നാം അവയെ അനുഗമിക്കുക, അനുകരിക്കുക അത്ര തന്നെ.

**ആത്മാവിലും സത്യത്തിലുമുള്ള ആരാധനയുടെ 11 സവിശേഷതകൾ**

1. ആരാധനയിൽ ഹൃദയം കർത്താവിലേക്കുയരണം. അതിന് വേണ്ടിയാണ് ഗാനങ്ങൾ ആലപിക്കുന്നതും സ്തുതിപ്പുകൾ നടത്തുന്നതും.

2. മനസ്സിലെ പാപ-ശാപ-ദു:ഖങ്ങൾ കർത്താവിന്റെ രക്തത്താൽ കഴുകപ്പെട്ട്, യഥാർത്ഥ സമാധാനാനുഭവം പാപമോചനാനുഭവത്തോടെ ലഭ്യമാകണം. പൊരുളായ പുതിയനിയമം ശ്രവിക്കാൻ കഴിയണമെങ്കിൽ മനസ്സ് ഉണരണം.

3. പൊരുളായ പുതിയനിയമവചനങ്ങളെ ആവശ്യമെങ്കിൽ നിഴലായ പഴയനിയമവചനങ്ങളോട് ചേർത്ത് മാനസാന്തരത്തിന്റെയും വീണ്ടും ജനനത്തിന്റെയും അഭിഷേകത്തിന്റെയും മണ്ഡലത്തിലെത്തുംവണ്ണം, നല്ല ഭാഷാനൈപുണിയോടെ പ്രസംഗിക്കണം. ടീച്ചിംഗ് മേത്തേഡാണാവശ്യം. മലവെള്ളപ്പാച്ചിലുകൾ പോലെയുള്ള പ്രസംഗങ്ങൾ ചിലപ്പോൾ ആവശ്യമായേക്കാം. പക്ഷെ ഒരു ചെവിയിലൂടെ കേട്ട് മറുചെവിയിലൂടെ അവ ഇറങ്ങിപ്പോകുക മത്രമല്ല, ദൈവജനത്തിന്റെ അതിശക്തമായ ഒരു പ്രത്യേകതരം കയ്യടിയുടെ ഉച്ചസ്ഥായിയിൽ പറയുന്നതെന്താണെന്ന് പറയുന്നവർക്കും പിടിയില്ല, കേൾക്കുന്നവർക്കും പ്രയോജനമില്ല എന്ന മട്ടിൽ ആകാനും സാധ്യത. അത്തരം പ്രഹസന സംഭവങ്ങൾ സാത്താന്യ ബന്ധിതവും നിഷ്പ്രയോജനകരവും ആണ്.

4. പൊരുളായ വചനപ്രസംഗം അതിന്റെ അർത്ഥതലലക്ഷ്യങ്ങൾ പിന്നിടുമ്പോൾ, ജനത്തിനുള്ളിലെ പൈശാചികബന്ധനവും രോഗബന്ധനവും തീർച്ചയായും അഴിയുക തന്നെ ചെയ്യും. ആരോടെങ്കിലും ശത്രുതയോ മറ്റോ ഉണ്ടെങ്കിൽ, ഹൃദയത്തിൽ യഥാർത്ഥ മാനസാന്തരമുണ്ടായി, ആത്മാർത്ഥമായും ക്ഷമിക്കുവാനും ക്ഷമ ചോദിക്കുവാനും ഇടയാകും.

5. രോഗസൗഖ്യങ്ങൾ ഉൾപ്പെടെ നല്ല നല്ല സാക്ഷ്യങ്ങൾ ഉണ്ടാകും.

6. ഉയർന്ന തീരുമാനങ്ങൾ ഉണ്ടാകും.

7. യഥാർത്ഥ സന്തോഷവും സമാധാനവും അനുഭവപ്പെടും.

8. തന്റെ മണവാട്ടിയെത്തേടി വേഗം വരുവാനിരിക്കുന്ന യേശുവിന്റെ വീണ്ടും വരവ് തിടുക്കത്തിലാകാൻ ആഗ്രഹമുണ്ടാകും.

9. ഇത്തരം ആരാധനയിലേക്ക് അനേകരെ കൊണ്ടുവരുവാനുള്ള ഉറച്ച തീരുമാനങ്ങളെടുക്കുകയും അവരുടെ ഹൃദയങ്ങളെ ഒരുക്കണമെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യും. അവരെ കൊണ്ടു വന്ന് വചനത്താലും ജലത്താലും സ്നാനപ്പെടുത്തി കർത്തൃമേശയും കൊടുത്ത് ആത്മനിറവോടെ ജീവിക്കുവാൻ സഹായിക്കുകയും




ചെയ്യും.

10. ജ്ഞാനവിജ്ഞാന-രോഗശാന്തി പ്രവചനമുൾപ്പെടെയുള്ള പരിശുദ്ധാത്മവരങ്ങളെയും, പാപത്തെയും പിശാചിനെയും ജഡത്തെയും ലോകത്തെയും, തോല്പിക്കുവാൻ കഴിയുന്ന കൃപാജീവിതത്തെയും ഉപാസിച്ചുകൊണ്ടുള്ള, ഒരു ക്രിസ്തീയ ജീവിതത്തിൽ ക്രിസ്തുവിന് നേരിടേണ്ടി വന്ന സഹനങ്ങൾ പോലെ അത്ര വലുതല്ലെങ്കിലും കഷ്ടങ്ങൾ നമുക്കുമുണ്ടാകുമെന്ന തിരിച്ചറിവോടും കൂടി ആത്മാവിന്റെ ഫലങ്ങൾ അറിഞ്ഞ് വചനത്താൽ പിശാചിനെയും ലജ്ജിപ്പിച്ച് ജീവിക്കുവാൻ കഴിയുക തന്നെ ചെയ്യും.

11. ക്രിസ്തു നമുക്ക് നൽകുന്ന ജീവൻ നിത്യജീവനാണ്. യഥാർത്ഥദൈവത്തോടുകൂടെ ജീവിക്കുവാൻ കഴിയുന്നത് സ്വർഗ്ഗത്തിലാണ് എങ്കിൽ "വിശ്വാസത്താൽ" ഭൂമിയിൽ അതേ യഥാർത്ഥ ദൈവം നമ്മുടെ ഉള്ളിൽ വന്നു വസിക്കുന്ന ആത്മീയാനുഭവത്തോടെ ജീവിക്കുവാൻ കഴിയണം. റോമ.5:8-ൽ പറയുംപോലെ നാം പാപികളായിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചതോർക്കുമ്പോൾ, നമ്മോടുള്ള അവന്റെ അവർണ്ണനീയ സ്നേഹം ഓർക്കുമ്പോൾ, എല്ലാവരെയും, ശത്രുക്കളേപ്പോലും, നമുക്ക് സ്നേഹിക്കുവാൻ കഴിയുന്ന ഒരവസ്ഥ വരുമ്പോൾ ഭൂമിയിലെ ജീവിതം നിത്യജീവനിലേക്കുള്ള ഒരു കൈചൂണ്ടിയായിത്തീർന്നുകൊള്ളും. ഇതിന് ആഴമായ വിശ്വാസമാണ് അത്യാവശ്യം. യഥാർത്ഥ "തനതുവിശ്വാസം" ആണ് ആരാധനയുടേയും സ്നേഹത്തിന്റെയും പ്രത്യാശയുടേയും നാരായവേര്. അപ്പൊസ്തലന്മാരേപ്പോലെ നാമും ചോദിക്കണം **"കർത്താവെ എന്റെ വിശ്വാസത്തെ വളർത്തിത്തരണമേ"** എന്ന്.

**പിതാക്കന്മാരോട് പഴയനിയമം! ദൈവമക്കളോട് പുതിയനിയമം!**

"ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട്" (എബ്രാ.1:1).

പഴയനിയമം ദൈവം പ്രവാചകന്മാരിലൂടെ എഴുതിച്ചതാണ്. ദൈവീകവെളിപ്പാട് പൂർണ്ണമായും അന്ന് ലഭിച്ചിരുന്നില്ല. ഭാഗം ഭാഗമായിട്ടാണ് വെളിപ്പെടുത്തിയത്. അവ ഭാഗം ഭാഗമാണെങ്കിലും വെളിപ്പെടുത്തിയത് നമ്മളുടെ രക്ഷയെ കരുതിയല്ല. പിതാക്കന്മാർക്കുവേണ്ടിയായിരുന്നു. പണ്ട് ജീവിച്ചിരുന്ന യാക്കോബ് ദാവീദ് തുടങ്ങിയ പിതാക്കന്മാരോടാണ് ഏശയ്യാവ് മോശെ തുടങ്ങിയ പ്രവാചകന്മാരിലൂടെ അരുളിച്ചെയ്തത്.

"ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം നമ്മളോട് അരുളിച്ചെയ്തിരിക്കുന്നു" (എബ്രാ.1:1).

ന്യായപ്രമാണയുഗത്തിന് ശേഷമുള്ള



ഞാൻ ശ്രീശാന്ത്. ഭാര്യയുടെ പേര് ഷിബ്ന. ഞങ്ങൾ കോഴിക്കോട് ജില്ലയിൽ വാഴയൂർ എന്ന സ്ഥലത്ത് താമസിക്കുന്നു.2015 -ൽ ഞങ്ങൾക്ക് ഒരു കുഞ്ഞുണ്ടായി. എന്നാൽ ദിവസങ്ങൾക്കുള്ളിൽത്തന്നെ കുഞ്ഞിന് സുഖമില്ലാതാകുകയും ചെയ്തു. ഡോക്ടറെ കാണിച്ചപ്പോൾ കുഞ്ഞിന്റെ ശ്വാസകോശത്തിന് ലീക്കുണ്ടെന്ന് പറയുകയും ഉടൻതന്നെ കുഞ്ഞിനെ ICU -വിലാക്കുകയും ചെയ്തു. 15 ദിവസത്തോളം ICU വിൽ കിടക്കേണ്ടി വന്നു. ആ സമയത്ത് ദേവസ്യാസാർ ഞങ്ങളുടെ കുഞ്ഞിനുവേണ്ടി പ്രാർത്ഥിക്കുകയും അത്ഭുതകരമായി കുഞ്ഞ് സൗഖ്യത്തിലേക്കുവരികയും ചെയ്തു. പിറ്റേന്നുതന്നെ കുഞ്ഞിനെ ICU വിൽ നിന്ന് മാറ്റുകയും പിന്നീടുള്ള വിശദമായ ചെക്കപ്പിൽ കുഞ്ഞിന് യാതൊരു കുഴപ്പവുമില്ലെന്ന് ഡോക്ടേഴ്സ് പറയുകയും ചെയ്തു. ഇത്രയേറെ ഞങ്ങളെ അനുഗ്രഹിച്ച കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച സാറിനെ ഇനിയുമിനിയും കർത്താവ് അവിടുത്തെ വേലക്കായി എടുത്തുപയോഗിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. **ശ്രീശാന്ത് വാഴയൂർ**, Ph: **9447679830**




ഈ സഭായുഗത്തെ കൃപായുഗമെന്നും അന്ത്യകാലമെന്നും പറയാം. സഹസ്രാബ്ദയുഗമെന്ന ഏറ്റവും ഒടുവിലത്തെ അന്ത്യകാലം ഉണ്ടെന്ന് സമ്മതിച്ചുകൊണ്ടു തന്നെ പറയട്ടെ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ ആദ്യപടിയായ മേഘപ്രത്യക്ഷത വരെയുള്ള കാലഘട്ടത്തെയും വിളിക്കുന്നത് അന്ത്യകാലം എന്നുതന്നെയാണ്. ഈ അന്ത്യകാലത്ത് (പിതാക്കന്മാരോടല്ല) ജീവിച്ചിരിക്കുന്ന നമ്മോട് ദൈവം തന്നെയെങ്കിലും ദൈവപുത്രനെന്ന് അറിയപ്പെടുന്ന യേശുക്രിസ്തുവഴി ദൈവീക വെളിപ്പാടുകളുടെ പൂർണ്ണതയുടെ പൂർണ്ണതയായ "പുതിയനിയമം" അരുളിച്ചെയ്തിരിക്കുകയാണ്.

അപ്പോൾ പഴനിയമം ആർക്ക് ? പിതാക്കന്മാർക്ക്. പുതിയനിയമം ആർക്ക് ? നമുക്ക്. എങ്കിൽ പഴയനിയമത്തിന് അമിതമായ പ്രാമാണ്യം കൊടുത്തുകൊണ്ട് പഠിപ്പിക്കുന്ന ബൈബിൾ കോളേജുകളിലെ കരിക്കുലവും സിലബസ്സും പഠിപ്പിക്കലുകളും അബദ്ധമാണെന്നത് പരിശുദ്ധാത്മാവു തന്നെയല്ലെ വെളിപ്പെടുത്തുന്നത് ? അത്തരം ബൈബിൾ കോളേജുകളിൽ നിന്നും പഠിച്ചിറങ്ങുന്ന ബൈബിൾ പഠിപ്പിക്കുന്നവരും ശുശ്രൂഷ അതിനിണങ്ങുന്ന വിധത്തിൽ ചെയ്യുന്നവരും, അവിടെ ഓടിക്കൂടി വിശ്വാസികൾ എന്നവകാശപ്പെട്ട് ആത്മീയജീവിതം നയിക്കുന്നവരുടെയും അവസ്ഥ എന്തായിരിക്കും ഭാവിയിൽ ? നിത്യജീവന് ആവകാശികൾ ആകാതെ പോവുകയില്ലേ ?

"അവൻ (യേശു) സത്യദൈവവും നിത്യജീവനും ആകുന്നു" (1 യോഹ.5:20). യാതൊരു സംശയവും വേണ്ട നിത്യജീവൻ നൽകുന്നത് യേശുക്രിസ്തുവാണ്. പുതിയനിയമത്തിലെ ദൈവമാണ് യേശുക്രിസ്തു. പഴയനിയമത്തിൽ ചില പ്രവചനങ്ങൾ മാത്രം യേശുവിനെപ്പറ്റി എഴുതിയിരിക്കുന്നു. പുതിയനിയമം യേശുക്രിസ്തുവിന്റെ ചരിത്രമാണ്. അത് നമ്മുടെ രക്ഷയുടെയും ചരിത്രമാണ്. പഴയനിയമം യിസ്രായേലിന്റെ വീരസാഹസിക രക്ഷാചരിത്രമാണ്. അത് പിതാക്കന്മാർക്കുള്ളതാണ്. പക്ഷെ ഒരേ ദൈവമാണ് പഴയനിയമത്തിലും പുതിയനിയമത്തിലും യഹോവ ! യഹോവ തന്നെയായ യേശുക്രിസ്തു (യോഹ.10:30). പഴയനിയമ രചയിതാവും പുതിയനിയമ രചയിതാവും ഒരേ ഒരു ദൈവം തന്നെ, പരിശുദ്ധാത്മാവ്. പഴയതിലും പുതിയതിലുമുള്ള ദൈവവചനം ദൈവവചനം തന്നെ. പിന്നെന്താണ് വ്യത്യാസം ? പാപമോചനവും വിടുതലും രക്ഷയും നിത്യജീവനും "പക്ക"യായി ലഭിക്കുന്നത് പുതിയനിയമത്തിലെ ക്രിസ്തുയേശുവിന്റെ കൃപയാലുള്ള വിശ്വാസത്താലാണ്; പുതിയനിയമം വഴിയാണ്.

"ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെയായിരുന്നു" (ലൂക്ക.16:16). സ്നാപകയോഹന്നാന്റെ കാലം വരെയായിരുന്നു ന്യായപ്രമാണ കാലം എന്നു പറയുമ്പോൾ, ആ കാലഘട്ടത്തിലെ ബൈബിൾ സാഹിത്യത്തെ ഇന്നത്തെ ജനത്തിന്റെ മുമ്പിൽ ടിവിയിലൂടെയായാലും കാസറ്റ് വഴിയായാലും പ്രസിദ്ധീകരിക്കുന്നവരും ഞായറാഴ്ചകളിലും ഉപവാസപ്രാർത്ഥനാദിനങ്ങളിലും കൊട്ടിഘോഷിക്കുന്നവരും അറിയുന്നുണ്ടോ അവർ എഴുതാപ്പുറം വായിക്കുകയാണെന്നും അവർക്കും അവരുടെ ശ്രോതാക്കൾക്കും വായനക്കാർക്കും സഭാമക്കൾ എന്നവകാശപ്പെടുന്നവർക്കും നിത്യജീവനിലേക്ക് നയിക്കുവാൻ സഹായിക്കുന്നതിന് പകരം ദുരുപദേശങ്ങളിലൂടെയാണ് നയിക്കപ്പെടുന്നതെന്നും.

"അന്നു മുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു. എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു" (ലൂക്ക.16:16).

അതായത് യോഹന്നാൻസ്നാപകൻ മുതലാണ് ദൈവരാജ്യത്തെ പ്രഘോഷിക്കുന്നത്. പുതിയനിയമമാണ് ദൈവരാജ്യത്തെ അവതരിപ്പിക്കേണ്ടതുപോലെ അവതരിപ്പിക്കുന്നത്. ദൈവരാജ്യത്തെ അന്നു മുതൽ സുവിശേഷിച്ചു വരുന്നു എന്നു പറഞ്ഞാൽ അന്നു വരെ, അതായത് പഴയനിയമം മുഴുവൻ ദൈവരാജ്യമെന്ന നിത്യജീവൻ എന്ന സത്യസുവിശേഷമല്ല, വർണ്ണിക്കപ്പെട്ടത്.

യോഹ.1:17 "കൃപയും സത്യവും യേശുക്രിസ്തു മുഖാന്തിരം വന്നു". ഈ തിരുവചനം വീണ്ടും നിത്യജീവനിലേക്കു നയിക്കുന്ന കൃപയേപ്പറ്റിയും സത്യത്തെപ്പറ്റിയും ആധികാരികമായി പറയുകയാണ്. അവ




ക്രിസ്തു വഴിയാണ്, പുതിയനിയമം വഴിയാണ്, ലഭിക്കുന്നത് എന്ന്. യോഹന്നാൻ 1:17-ന്റെ ആദ്യഭാഗം ഉദ്ധരിക്കാം. "ന്യായപ്രമാണം മോശെ മുഖാന്തിരം ലഭിച്ചു." ആ ന്യായപ്രമാണം ദൈവം തന്നെ മോശയെക്കൊണ്ട് രചിപ്പിച്ചതായിരുന്നു. അത് എബ്രായലേഖനം 1-ാം അദ്ധ്യായം 1-ാം വാക്യത്തിൽ പറയുമ്പോലെ "പിതാക്കന്മാരോടായിരുന്നു". "നമ്മളോട്" അല്ലായിരുന്നു. നമ്മളോടുള്ളത് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം ഉണ്ടായ പുതിയ നിയമം തന്നെയാണ്. അവിടെ നിത്യജീവൻ ലഭിക്കുന്നു എന്നതാണതിന്റെ സവിശേഷത.

റോമ.10:4 "വിശ്വസിക്കുന്ന ഏവനും നീതി ലഭിക്കുവാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു".

യോഹന്നാന്റെ കാലത്തോടുകൂടി ദൈവരാജ്യം പ്രഘോഷിക്കപ്പെടുന്നു പുതിയനിയമത്തിൽ. ലോകരാജ്യത്തിൽ നിന്നും സാത്താന്യ രാജ്യത്തിൽ നിന്നും ദൈവരാജ്യത്തിലേക്ക് കടക്കാതെ എങ്ങനെ നിത്യജീവൻ പ്രാപിക്കും ? റോമ.10:4 - ലാകട്ടെ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു എന്ന് പറയുമ്പോൾ ദൈവരാജ്യാനുഭവം നൽകുന്ന നിത്യജീവൻ നൽകപ്പെടുന്നത് പുതിയനിയമം വഴിയാണെന്ന സത്യം വീണ്ടും പരമസത്യമായിത്തീരുന്നു. ദൈവരാജ്യം പ്രഘോഷിക്കപ്പെടാത്തതും, നിത്യജീവനെ പ്രദാനം ചെയ്യാത്തതുമായ നിയമമാണ് പഴയനിയമമെന്നും ന്യായപ്രമാണമെന്നും ഒരിയ്ക്കൽകൂടി എടുത്തുപറഞ്ഞുകൊള്ളട്ടെ. ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ല (എബ്രാ.10:1), പഴയനിയമ ഗ്രന്ഥങ്ങളെല്ലാം പുതിയനിയമഗ്രന്ഥങ്ങളുടെ നിഴലോ, പഴയനിയമസംഭവങ്ങൾ എല്ലാം ക്രിസ്തുസംഭവങ്ങളുടേയും യഥാർത്ഥ സഭയുടേയും നിഴലോ ആണ്.

കർത്താവായ യേശുക്രിസ്തുവിന്റെ വരവുവരെയുള്ള ആ കാലഘട്ടത്തിന് അത്യാവശ്യമായിരുന്നതും ഈ കാലഘട്ടത്തിലേക്ക് നയിക്കുന്നതുമായ ഒരു താല്ക്കാലിക നിയമമാണ് ന്യായപ്രമാണം.

ഗലാത്യലേഖനം 3-ാം അദ്ധ്യായം 19 മുതൽ 22 വരെ വചനങ്ങൾ ഉദ്ധരിക്കാം. "എന്നാൽ ന്യായപ്രമാണം എന്തിന് ? വാഗ്ദത്ത സന്തതി വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏൽപിച്ചതുമത്രെ. ഒരുത്തൻ മാത്രമെങ്കിൽ മദ്ധ്യസ്ഥൻ വേണ്ടി വരികയില്ല; ദൈവമോ ഒരുത്തൻ മാത്രം. എന്നാൽ ന്യായപ്രമാണം ദൈവവാഗ്ദാനങ്ങൾക്ക് വിരോധമോ ? ഒരു നാളും അല്ല, ജീവിപ്പിക്കുവാൻ കഴിയുന്നോരു ന്യായപ്രമാണം നൽകിയിരുന്നുവെങ്കിൽ, ന്യായപ്രമാണം വാസ്തവമായ നീതിക്ക് ആധാരമാകുമായിരുന്നു. എങ്കിലും വിശ്വസിക്കുന്നവർക്ക് വാഗ്ദാനം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിന് തിരുവെഴുത്ത് എല്ലാവരെയും പാപത്തിൻകീഴ് അടച്ചുകളഞ്ഞു" ഇതാണ് സത്യമെന്നിരിക്കെ, പഴയനിയമ ഗ്രന്ഥങ്ങളെ ചേർത്ത് അവയ്ക്കും അവയിലെ സംഭവങ്ങൾക്കും ഗ്രന്ഥങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ട് ദൈവശാസ്ത്രമുണ്ടാക്കിയവർ എത്രയെത്ര ? പഴയനിയമത്തിലെ ചെങ്കടൽ വെട്ടിയ സംഭവങ്ങളും ന്യായധിപന്മാരുടെ പുസ്തകവും പഠിപ്പിക്കുന്നവർ എത്രയെത്ര ? ഇത്തരം സംഭവങ്ങൾ മനോഹരമായ സംഗീതത്തിന്റെയും താളമേളക്കൊഴുപ്പുകളുടേയും അകമ്പടിയോടെ പ്രസംഗിക്കുന്നവർ എത്രയെത്ര ? അവയെല്ലാം കേട്ട് ആത്മനിറവിന്റെ വ്യാജമായ അനുഭൂതിയിലേക്കുയർന്ന് കൈകളടിച്ച് അന്യഭാഷയും ചൊല്ലി അത് "ദൈവരാജ്യാനുഭവമാണെന്ന്" വിചാരിച്ച് ജീവിച്ച് മരിച്ച് നിത്യജീവൻ നഷ്ടപ്പെടുത്തി കടന്നു പോയവർ എത്ര കോടി അതിനൊക്കെ ആര് ഉത്തരം പറയും 1 യോഹന്നാൻ 5:20-ൽ നിത്യജീവൻ നൽകുന്നത് യേശുവാണെന്നും ലൂക്കോസ് 16:16-ൽ യോഹന്നാൻ മുതലാണ് ദൈവരാജ്യമെന്നും യോഹ.1:17 -ൽ കൃപയും സത്യവും യേശുക്രിസ്തുവിലൂടെയാണെന്ന് പറഞ്ഞതിന്റെ ബാക്കി ഗലാത്തിയാ ലേഖനത്തിൽ 3-ാം അദ്ധ്യായത്തിൽ 19-ാം വാക്യത്തിൽ സന്തതിയായ ക്രിസ്തു വരുവോളം ആണ് പഴയനിയമം എന്നു

# അടിസ്ഥാന ദൈവശാസ്ത്രം

ആമുഖം ഭാഗം-3

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

കൂടി പറഞ്ഞപ്പോൾ നാം ഇനി എന്താണ് ചെയ്യുക ?

ഗാത്തിയർ 3:22-ൽ വിശ്വസിക്കുന്നവർക്ക് വാഗ്ദാനം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിന് തിരുവെഴുത്ത് (പഴയനിയമം) എല്ലാവരെയും പാപത്തിൻകീഴ് അടച്ചുകളഞ്ഞു എന്നാണല്ലോ ഉള്ളത്. തിരുവെഴുത്ത് 10 പ്രമാണങ്ങളെ ലംഘിക്കുന്നവരെ നിരോധിക്കുന്നു; എന്നാൽ പാപമോചനം നൽകുന്നില്ല. യേശുക്രിസ്തു നൽകുന്ന കൃപയുടെ പ്രമാണം (പുതിയനിയമം) നമുക്ക് പാപമോചനവും സ്നേഹവും നിത്യജീവനും വാഗ്ദാനം ചെയ്യുന്നു. വിശ്വാസത്തിന്റെ വെളിപ്പാടു വരെ മാത്രമാണ് പഴയനിയമം (ഗലാ.3:23). ന്യായപ്രമാണം നമുക്ക് വെറും ശിശുപാലകൻ മാത്രമാണ് (ഗലാ.3:24). കുഞ്ഞുങ്ങൾ വളർന്നു കഴിഞ്ഞാൽ അവർക്ക് ശിശുപാലകന്മാർ ആവശ്യമില്ലാത്തതു പോലെ യേശുക്രിസ്തുവിനെ വിശ്വസിച്ച് സ്വന്തം ദൈവമായേറ്റെടുത്തവർക്ക് പിന്നെ ന്യായപ്രമാണം ആവശ്യമില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ പിന്നെ പ്രായപൂർത്തിയായ ദൈവമക്കളാണ്. ശിശുക്കളല്ല.

ഇതാണ് പരമമായ ബൈബിൾ സത്യങ്ങൾ എന്നിരിക്കെ ആരാണ് ഒരു വലിയകൂട്ടം ജനസമൂഹം പൗരോഹിത്യ മതങ്ങളും ജാതീയമതങ്ങളും വിട്ടറങ്ങി സത്യത്തിന്റെ പൂർണ്ണതയിലേക്ക് വഴിതുറന്നു കിട്ടുവാൻ വെമ്പലോടെ പുറപ്പെട്ടപ്പോൾ അവരെ ഒരേ തരത്തിലുള്ള കുറെ കാവ്യപുസ്തക വചനങ്ങളുടെയും ഭരണസാമൂഹ്യവ്യവസ്ഥിതിയുടേയും വക്താക്കളാക്കി, പുതിയനിയമത്തിലേക്ക് വരും മുമ്പെ പഴയനിയമഭക്തിയുടെ അടിമകളാക്കിയത് ? ദൈവമോ, മനുഷ്യനോ, സാത്താനോ ? ന്യായപ്രമാണം പാപം എന്താണെന്ന് വെളിപ്പെടുത്തുമ്പോൾ യേശുക്രിസ്തുവിന്റെ കൃപയുടെ പ്രമാണം മനുഷ്യനെ സ്വതന്ത്രനാക്കുകയാണ്, പാപവിമോചനവും പരിശുദ്ധാത്മാവിനെയും നൽകി ഇത്രയേറെ പ്രാധാന്യമാണ് പുതിയനിയമത്തിനെങ്കിൽ നാം ഇനിയും വഞ്ചിക്കപ്പെടുവാനിടവരുത്തുന്ന ശുശ്രൂഷകരെയും സഭകളെയും വിട്ട് യഥാർത്ഥ ദൈവസഭയോടു ചേരേണ്ടതല്ലെ ? 2 കൊറി.6:14 -ൽ പറയുന്ന അവിശ്വാസികൾ ആരൊക്കെയാണ് ? എന്ന തിരിച്ചറിവ് നാം ആർജ്ജിക്കേണ്ടതുമല്ലെ.

1. പൗരോഹിത്യ സഭകളിലെ വ്യാജ പൗരോഹിത്യാചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങിയവർ (പൗരോഹിത്യം യേശുവിന് മാത്രമേയുള്ളു).

2. ത്രീയേകദൈവത്തിന് പകരം ഏകദൈവത്തിൽ വിശ്വസിക്കുന്നവർ

3. ബഹുദൈവസങ്കൽപ്പത്തിലും ദേവീദേവന്മാരിലും വിശ്വസിക്കുന്നവർ

4. കന്യകാമറിയം, പരുമലതിരുമേനി തുടങ്ങിയ പുണ്യവതീ പുണ്യവാളവണക്കാരാധനകളിൽ കുടുങ്ങിയവർ.

5. യഹോവസാക്ഷികളും പഴയനിയമപുസ്തകങ്ങളിലെ സംഭവങ്ങളിലും കാവ്യഗ്രന്ഥവചനങ്ങളിലും ജീവിതം സമർപ്പിച്ചവർ.

6. പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾക്കെതിരെ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നവർ.

7. ക്രിസ്തു ക്രൂശിൽ സകല പാപവും രോഗവും ശാപങ്ങളും ചുമന്നൊഴിച്ചിട്ടും, കൂടോത്രാദിബന്ധനങ്ങളെയും അന്ധവിശ്വാസങ്ങളെയും ദുരാചാരങ്ങളെയും മറ്റും ശാപങ്ങൾ തുടരുന്നു എന്ന മട്ടിൽ സപ്പോർട്ടു ചെയ്യുന്നവരെയും

8. സാത്താന്യാരാധന നടത്തുന്നവരെയും

9. ആൾദൈവങ്ങളേയും

10. ദൈവം കൃപയാൽ നൽകുന്ന രോഗസൗഖ്യം ഭൂതസൗഖ്യം മുതലായ കൃപാവരങ്ങളെ എതിർക്കുന്നവരെയും

11. മാനസാന്തരം പ്രസംഗിക്കാതെയും സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥനയ്ക്കും മത്തായിയുടെ സുവിശേഷത്തിലെ മലയിലെ പ്രസംഗത്തിനും (5,6,7 അദ്ധ്യായങ്ങൾ) മാത്രം അമിതപ്രാധാന്യം കൊടുത്തു പഠിപ്പിക്കുന്നവരെയും ഒക്കെ അവിശ്വാസികളായി കണക്കാക്കേണ്ടി വരും.

2 കൊറി.6:14,15,16- ''നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്ത് ചേർച്ച ? വെളിച്ചത്തിന് ഇരുളിനോട് എന്ത് കൂട്ടായ്മ ? ക്രിസ്തുവിനും ബെലിയാലിനും തമ്മിൽ എന്ത് പൊരുത്തം ? അല്ല വിശ്വാസിക്ക് അവിശ്വാസികളുമായി എന്ത് ഓഹരി ? ദൈവാലയത്തിന് വിഗ്രഹങ്ങളോട്




എന്ത് യോജ്യത ? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ”

പുതിയനിയമം പഠിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്നവർ ജീവനുള്ള ദൈവത്തിന്റെ ആലയങ്ങളാണ്. പുതിയനിയമവും പഴയനിയമവും കൂടിയ ബൈബിൾ വായിച്ചും പഠിച്ചും ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് വരാതെ പഴയനിയമത്തിലെ ദൈവത്തിൽത്തന്നെ ഭയപ്പെട്ട് കഴിയുന്നവർക്ക് ജീവനുള്ള ദൈവത്തിന്റെ ആലയങ്ങളാകുവാൻ ഒരിയ്ക്കലും കഴിയുകയില്ല.

യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപക്ഷമ നേടുന്ന ഒരു വ്യക്തിക്ക്, യേശുക്രിസ്തു നൽകുന്ന പരിശുദ്ധാത്മാവിൽ ലയിച്ച് ജീവിക്കുന്നതിനാലും, പാപപ്രലോഭനങ്ങളെ പരാജയപ്പെടുത്തുവാൻ കഴിയുന്നതിനാലും, സാത്താനെയും ലോകത്തെയും ക്രിസ്തുവിന്റെ കൃപയാൽ തോൽപ്പിക്കുവാൻ പറ്റുന്നതിനാലും നിത്യതയേപ്പറ്റി യാതൊരു സംശയവുമില്ലാത്ത ജയാളിയുടെ ജീവിതമാണ് നയിക്കുവാനിട വരിക.

**“ഞാൻ നിങ്ങളോട് ആത്മാവിൽ പറയട്ടെ”.ഞാൻ നിങ്ങളോട് ആത്മാവിൽ ദൂത് പറയട്ടെ എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ത്” ?**

യോഹന്നാൻ 16:13-ൽ സത്യത്തിന്റെ ആത്മാവു വരുമ്പോഴോ “അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്കറിയിച്ചുതരികയും ചെയ്യും”. 14-ാം വാക്യത്തിൽ “അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്കറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും”.

അതായത്, ക്രിസ്തുവിനെ മഹത്വപ്പെടുത്തുക എന്നതാണ് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷാ ജോലി. സഭാശുശ്രൂഷകന്മാരുടെ ശുശ്രൂഷകളിലൂടെ സത്യാത്മാവ് ബൈബിൾ സത്യങ്ങളോരോന്നോരോന്നായി വെളിപ്പെടുത്തും. അപ്പോൾ ദുരുപദേശങ്ങളൊന്നും പുറത്തു വരികയില്ല. വ്യാജദൂതുകളും വരികയില്ല. ക്രിസ്തുവിന്റെ ദൈവത്വവും, മനുഷ്യത്വവും ക്രിസ്തുവിന്റെ ക്രൂശിതമരണം കൊണ്ട് ഒരു യഥാർത്ഥ വിശ്വാസിക്ക് ലഭിക്കുന്ന രക്ഷ, പരിശുദ്ധാത്മസ്നാനം തുടങ്ങിയ ബൈബിൾ വിഷയങ്ങളേക്കുറിച്ച് ആധികാരികമായ പഠനം എന്നിങ്ങനെയുള്ള കാര്യങ്ങളാണ് ‘ആത്മാവിൽ പറയുന്നു’ എന്ന ലേബലിൽ പറയേണ്ടത്. നിത്യശിക്ഷാവിധിയേക്കുറിച്ചും ആത്മാവിൽ പറയുന്നു എന്നും പറഞ്ഞു പറയാറുണ്ട്, ആത്മീയനേതാക്കൾ. പൂർണ്ണമായി മാനസാന്തരപ്പെട്ട് വിശ്വാസത്തിലേയ്ക്ക് വന്ന് ദൈവഹിതമനുസരിച്ച് ജീവിക്കുന്നവർക്ക് ദൈവം കൃപയാൽ നൽകുന്ന രോഗ സൗഖ്യാദികളായ ദൈവീകദൂതുകളും വ്യത്യസ്ത വിടുതലുകളും ആത്മാവിൽ പറയുന്നു എന്നു പറഞ്ഞു പറയാറുണ്ട് ശുശ്രൂഷക്കാർ. ഭാവികാര്യങ്ങളും ചിലപ്പോൾ ദൈവീകദൂതുകളായി വെളിപ്പെടുത്തിക്കിട്ടിയേക്കാം. ശുശ്രൂഷകർക്ക് വിശുദ്ധമായ ‘ആത്മവിവശതകൾ’ ചിലപ്പോൾ ലഭിച്ചേക്കാം. പൗലോസപ്പൊസ്തലനും യോഹന്നാൻ അപ്പൊസ്തലനും മറ്റും ആത്മവിവശതയുണ്ടായിട്ടുണ്ട്. അപ്പോൾ ലഭിക്കുന്ന ദിവ്യദർശനങ്ങളും ദൂതുകളായി പുറത്തു വന്നേക്കാം.

## പൊരുളും നിഴലും

മിക്ക പഴയനിയമസംഭവങ്ങൾക്കും ക്രിസ്തുവിലേക്ക് ഒരു വഴി മിക്കവാറും ഉണ്ടായിരിക്കും. അതുപോലെ തന്നെ, അനേകം പുതിയനിയമ സംഭവങ്ങൾക്ക് ന്യായപ്രമാണങ്ങളിൽ എവിടെയെങ്കിലും ഒരു നിഴലും ഉണ്ടായിരിക്കും. അവിടെ നിഴൽ പൊരുളല്ല, അത് നിഴൽ തന്നെയാണെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകണമെന്ന് മാത്രം. ദൈവം പാപമോചനത്തിനായി ഒരു പരമയാഗം ലോകസ്ഥാപനത്തിനുമുമ്പേ നിശ്ചയിച്ചിരുന്നു. അത് യേശുക്രിസ്തുവിന്റെ ക്രൂശിതമരണമെന്ന പരമയാഗമായിരുന്നു. ആ യാഗത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം പാപമോചനവും നിത്യതയുമാണ്. എന്നാൽ പഴയനിയമകാലത്ത് മൃഗയാഗങ്ങൾ നടന്നിരുന്നു. അവയെല്ലാം നിഴലുകളായിരുന്നു. ക്രിസ്തു എന്ന ദൈവകുഞ്ഞാടിന്റെ രക്തത്താലുള്ള പാപമോചനമെന്ന വിശുദ്ധസത്യങ്ങൾ നമ്മെ മനസ്സിലാക്കിക്കുവാൻ പ്രകൃതിയിലെ കുഞ്ഞാടിന്റെ രക്തശുദ്ധീകരണം മൂന്ന് നാലായിരം വർഷങ്ങൾ




എടുത്ത്, ആ നിഴലുകളിലൂടെ നമ്മെ യഥാർത്ഥ സത്യം മനസ്സിലാക്കിക്കുകയായിരുന്നു. കാലസമ്പൂർണ്ണതയിൽ ക്രിസ്തുവെന്ന പൊരുൾ വന്നതുകൊണ്ട് പഴയതെല്ലാം നിഴലായിത്തന്നെ നിലകൊള്ളുന്നു.

കൊലോസ്യരും എബ്രായരും ഒക്കെ ന്യായപ്രമാണത്തിലെ പെരുന്നാൾ, വാവ്, ശബ്ബത്ത്, ബലികൾ മുതലായത് പിന്നെയും തുടരുമ്പോൾ അപ്പൊസ്തലനായ പൗലോസ് അവരെ ശകാരിക്കുന്നുണ്ട് താനും. (പ്രതിരൂപങ്ങൾ വഴി, അതായത് നിഴലുകൾ വഴി) ദൈവം മനുഷ്യരോട് ഭാഗം ഭാഗമായി വെളിപ്പാടുകൾ നൽകിയെന്ന് എബ്രായലേഖനം 1-ാം അദ്ധ്യായത്തിൽ 1-ാം വാക്യത്തിലുള്ളത് നാം നേരത്തെ പ്രതിപാദിച്ചുവല്ലോ. ലേവ്യാപുസത്കം 4-ാം അദ്ധ്യായത്തിൽ 11,12 വാക്യങ്ങളിൽ "കാളയുടെ തോലും മാംസം മുഴുവനും തലയും കാലുകളും കുടലും ചാണകവുമായി കാളയെ മുഴുവൻ അവൻ പാളയത്തിന് പുറത്ത് വെണ്ണീർ ഇടുന്ന വെടിപ്പുള്ള സ്ഥലത്ത് കൊണ്ടുപോയി വിറകിന്മേൽ വെച്ച് തീയിട്ട് ചുട്ടുകളയണം; വെണ്ണീർ ഇടുന്നേടത്ത് വെച്ചു തന്നെ അത് ചുട്ടുകളയേണം" എന്നത് വായിച്ചു പഠിച്ച വ്യക്തി എബ്രായർ 13-ാം അദ്ധ്യായം പഠിക്കുമ്പോഴാണ് ആദ്യത്തേത് നിഴലാണെന്നും രണ്ടാമത്തേത് പൊരുളാണെന്നും മനസ്സിലാകുന്നത്. മഹാപുരോഹിതൻ പാപപരിഹാരമായി രക്തം വിശുദ്ധ മന്ദിരത്തിലേക്ക് കൊണ്ടു പോകുന്ന മൃഗങ്ങളുടെ ഉടൽ പാളയത്തിനു പുറത്തു വെച്ച് ചുട്ടുകളയുന്നു. അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന് നഗരവാതിലിന് പുറത്തുവെച്ച് കഷ്ടം അനുഭവിച്ചു: "ആകയാൽ നാം അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിനുപുറത്ത് അവന്റെഅടുക്കൽ ചെല്ലുക" (എബ്രാ.13:11,12,13). അതായത് എബ്രായലേഖനത്തിലെ തിരുവചനങ്ങളുടെ നിഴലാണ് ലേവ്യാ പുസ്തകത്തിലെ തിരുവെഴുത്തുകൾ. ഇക്കാലത്തെ വിശ്വാസികളുടെ യഥാർത്ഥ ജീവിതത്തിൽ വിശ്വാസികളായതിന്റെ പേരിൽ കുറെയധികം നിന്ദ ചുമക്കേണ്ടി വരുന്നത് യഥാർത്ഥ്യവുമാണ്.

അതുപോലെ തന്നെ യേശുക്രിസ്തുവിന്റെ മരണം അടക്കം ഉത്ഥാനം എന്നീ രക്ഷാകരസംഭവമെന്ന പൊരുളിനെ യോനാ കടലാനയുടെ വയറ്റിൽ ഇരുന്നു എന്ന നിഴലിനോടുപമിച്ച സംഭവം നാം മത്തായി 12-ൽ 40-ാം വചനത്തിൽ വായിക്കുന്നു. "യോനാ കടലാനയുടെ വയറ്റിൽ 3 രാവും 3 പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും".

"ഒരു അഗ്നിസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മേൽ തൂക്കുക; കടിയേൽക്കുന്നവൻ ആരെങ്കിലും അതിനെ നോക്കിയാൽ ജീവിക്കും, എന്ന് പറഞ്ഞു. അങ്ങനെ മോശ താമ്രം കൊണ്ടൊരു സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മേൽ തൂക്കി. പിന്നെ സർപ്പം ആരെയെങ്കിലും കടിച്ചിട്ട് അവൻ താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കും" (സംഖ്യ.21:8,9) എന്ന ഭാഗം ബൈബിൾ കോളേജിൽ പഠിപ്പിക്കുമ്പോൾ യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായം കൂടി പഠിപ്പിക്കും. ബൈബിൾ പണ്ഡിതന്മാർ യോഹന്നാൻ 3:14 പഠിപ്പിക്കുമ്പോൾ സംഖ്യ 21:8,9 വാക്യങ്ങളിലേയ്ക്കു പോകും. "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ" (യോഹ.3:14,15). ഇത്രയും നാം ചിന്തിക്കുമ്പോഴാണ് ക്രൂശിലെ ക്രിസ്തു പൊരുളും താമ്രസർപ്പം നിഴലുമാണെന്ന് നാം അറിയുന്നത്.

ലേവ്യാ പുസ്തകം 23-ൽ യഹോവ പിന്നെയും മോശയോട് അരുളിച്ചെയ്തത് "നീ യിസ്രയേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ : ഞാൻ നിങ്ങൾക്ക് തരുന്ന ദേശത്ത് നിങ്ങൾ എത്തിയശേഷം അതിലെ വിളവെടുക്കുമ്പോൾ നിങ്ങളുടെ കൊയ്ത്തിലെ ആദ്യത്തെ കറ്റ പുരോഹിതന്റെ അടുക്കൽ കൊണ്ടുവരേണം. നിങ്ങൾക്ക് പ്രസാദം ലഭിക്കേണ്ടതിന് അവൻ ആ കറ്റ യഹോവയുടെ സന്നിധിയിൽ നീരാജനം ചെയ്യണം" (ലേവ്യാ. 23:9-11). 1 കൊരിന്ത്യർ 15:3,4 വാക്യങ്ങൾ കൂട്ടിച്ചേർത്ത് വായിക്കുമ്പോൾ ക്രിസ്തു നമ്മുടെ പാപങ്ങൾക്കു

# അടിസ്ഥാന ദൈവശാസ്ത്രം

ആമുഖം ഭാഗം-3

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം



വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം (പഴയനിയമത്തിലെ ലേവ്യാ പുസ്തകം 23-ാം അദ്ധ്യായത്തിലെ 9,10,11 തിരുവെഴുത്തുകളിൻ പ്രകാരം എന്നാണ് അർത്ഥം) മരിച്ച് അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ നാം വായിക്കുന്നു. ലേവ്യാ പുസ്തകത്തിലെ ആദ്യത്തെ കറ്റ ആദ്യം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന ക്രിസ്തുവിന്റെ നിഴലാണ്.

ലേവ്യാ പുസ്തകം 23:4,5 വാക്യങ്ങളിൽ പറയുന്ന പെസഹാ ഉത്സവം, നമ്മുടെ പെസഹാ കുഞ്ഞാടായ ക്രിസ്തു അറുക്കപ്പെട്ടതിന്റെ (1 കൊറി.5:7) നിഴലാണ്. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ (ലേവ്യാ.23:6,7,8) ക്രസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനം ജീവിതകാലം മുഴുവൻ ജീവിതവിശുദ്ധിയോടെ കഴിയേണ്ടതിന്റെ നിഴലാണ്. (ഗലാ.5:7,8,9, 2 കൊരി.7:1) കർത്താവിന്റെ പുനരുത്ഥാനമെന്ന പൊരുളിന്റെ നിഴലാണ് (ലേവ്യാപുസ്തകം 23:10-14) ആദ്യഫലപ്പെരുന്നാൾ.

ലേവ്യാപുസ്തകം 23:15-21 എഴുതാം. "ശബ്ബത്തിന്റെ പിറ്റെന്നാൾ മുതൽ, നിങ്ങൾ നീരാജനത്തിന്റെ കറ്റ കൊണ്ടുവന്ന ദിവസം മുതൽ തന്നേ, എണ്ണി ഏഴ് ശബ്ബത്ത് തികയണം. ഏഴാമത്തെ ശബ്ബത്തിന്റെ പിറ്റെന്നാൾ വരെ 50 ദിവസം എണ്ണി യഹോവയ്ക്ക് പുതിയധാന്യം കൊണ്ട് ഒരു ഭോജനയാഗം അർപ്പിക്കണം. നീരാജനത്തിന് രണ്ടിടങ്ങഴി മാവ് കൊണ്ട് രണ്ടപ്പം നിങ്ങളുടെ വാസസ്ഥലങ്ങളിൽ നിന്ന് കൊണ്ടുവരണം; അത് നേരിയ മാവ് കൊണ്ടുള്ളതും പുളിപ്പിച്ച് ചുട്ടതും ആയിരിക്കണം. അത് യഹോവയ്ക്ക് ആദ്യ വിളവ്. അപ്പത്തോടുകൂടെ ഒരു വയസ്സ് പ്രായമുള്ള ഊനമില്ലാത്ത ഏഴ് ചെമ്മരിയാട്ടിൻകുട്ടിയേയും രണ്ട് മുട്ടാടിനേയും അർപ്പിക്കണം. അവയും അവയുടെ ഭോജനയാഗവും പാനീയയാഗവും യഹോവയ്ക്ക് സൗരഭ്യവാസനയായ ദഹനയാഗമായി യഹോവയ്ക്ക് ഹോമയാഗമായിരിക്കണം. ഒരു കോലാട്ടുകൊറ്റനെ പാപയാഗമായും ഒരു വയസ്സു പ്രായമുള്ള രണ്ട് ആട്ടിൻകുട്ടിയെ സമാധാനയാഗമായും അർപ്പിക്കണം. പുരോഹിതൻ അവയെ ആദ്യവിളവിന്റെ അപ്പത്തോടും രണ്ട് ആട്ടിൻകുട്ടിയോടും കൂടെ യഹോവയുടെ സന്നിധിയിൽ നീരാജനം ചെയ്യണം. അവ പുരോഹിതനു വേണ്ടി യഹോവയ്ക്ക് വിശുദ്ധമായിരിക്കണം. അന്ന് തന്നെ നിങ്ങൾ വിശുദ്ധ സഭായോഗം വിളിച്ച് കൂട്ടണം; അന്ന് സാമാന്യവേല യാതൊന്നും ചെയ്യരുത്; ഇത് നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും തലമുറ തലമുറയായി നിങ്ങൾക്ക് എന്നേക്കുമുള്ള ചട്ടമായിരിക്കേണം".

പെന്തക്കോസ്ത് എന്നത് ഒരു



എന്റെ പേര് ജോർജ്ജ്. വി. ഐസക്ക്. കർത്താവിനെ അറിഞ്ഞതിനുശേഷം എനിക്കുണ്ടായ ഒരിക്കലും മറക്കാൻ പറ്റാത്ത ഒരനുഭവമാണ് ഞാൻ വിവരിക്കുന്നത്. എനിക്ക് 20 വർഷമായി സോറിയാസിസിന്റെ അസുഖമായിരുന്നു. ആയുർവ്വേദവും അലോപ്പതിയും ഹോമിയോപ്പതിയും മാറിമാറി ചെയ്തെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. 2015 ജനുവരി മാസത്തിൽ എറണാകുളം നോർത്ത് ടൗൺഹാളിൽ സുവിശേഷപ്രമുഖനായ ദേവസ്യാ മുല്ലക്കരസാർ നടത്തിയ വചനപ്രഘോഷണത്തിലുംരോഗശാന്തിശുശ്രൂഷയിലും ഞാൻ പങ്കെടുത്തു. അവിടെ വെച്ച് സാർ എനിക്കുവേണ്ടി വ്യക്തിപരമായി പ്രാർത്ഥിക്കുകയും കർത്താവ് തന്റെ ശക്തി എന്നിലേക്ക് പകരുകയും ചെയ്തു. എന്റെ സോറിയാസിസിന്റെ ബുദ്ധിമുട്ടുകളെല്ലാം മാറി. ഞാനിപ്പോൾ പൂർണ്ണസൗഖ്യമുള്ളവനായിരിക്കുന്നു.അസാധ്യമായത് സാധ്യമാക്കുന്ന എന്റെ കർത്താവായ യേശുക്രിസ്തു എന്നെ സൗഖ്യമാക്കി.

**ജോർജ്ജ്. വി. ഐസക്ക്**
**കിഴക്കമ്പലം**
**Ph:** 9495315286




ഗ്രീക്കുവാക്കാണ്. അമ്പതാമത്തെ എന്നാണ് അർത്ഥം. ആദ്യഫലപെരുന്നാൾ തുടങ്ങി അമ്പതാം ദിവസം വരുന്ന പെരുന്നാൾ. അതുകൊണ്ടാണ് പെന്തക്കോസ്ത് പെരുന്നാൾ എന്ന് പേരു വരുന്നത്. ഏഴാഴ്ച കഴിഞ്ഞാണല്ലൊ (7X7=49)50-ാംനാൾ വരുന്നത്. അതുകൊണ്ട് വാരോത്സവം പെരുന്നാൾ എന്നും പറയാം.

പരിശുദ്ധാത്മാവിന്റെ അവരോഹണം മർക്കോസിന്റെ മാളികയിൽ നടന്നതിന്റെ നിഴലാണ് ആ പഴനിയമസംഭവം. യേശുവിന്റെ പുനരുത്ഥാന ശേഷം 50-ാം നാളിലാണ് പരിശുദ്ധാത്മാവ് അവരോഹണം ചെയ്തത് (അപ്പൊസ്തല പ്രവർത്തനങ്ങൾ 2-ാം അദ്ധ്യായം)

യോഹന്നാൻ സ്നാപകൻ വരെ എത്തിനിൽക്കുന്ന സുദീർഘമായ പഴയനിയമകാലഘട്ടത്തിന് തിരശ്ശീല വീഴുകയും അതോടുകൂടി ദൈവരാജ്യം സുവിശേഷിച്ചുവരികയും ചെയ്യുന്നു എന്ന് ലൂക്കോസ് 16:16-ൽ വ്യക്തമായും പഠിപ്പിക്കപ്പെട്ടിട്ടും എന്തുകൊണ്ടാണ് ക്രിസ്തു മുഖാന്തരം രക്ഷ എന്ന പുതിയനിയമപഠനങ്ങളിലേയ്ക്ക് വളരെ കൂടുതലായി ദൈവജനത്തെ കൊണ്ടെത്തിക്കേണ്ടവർ കൊണ്ടെത്തിക്കാത്തതെന്ന് വായനക്കാരെല്ലാം ചിന്തിക്കണം. ഗലീലയിലെ പ്രസംഗത്തിൽ യേശു ആഹ്വാനം ചെയ്ത "മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ (മർക്കോസ് 1:15) എന്ന, നിത്യജീവന് ഏറ്റവും അത്യാവശ്യമായ കാര്യത്തിന് എന്തുകൊണ്ടാണ് വിവിധ കോൺഗ്രിഗേഷനിൽപ്പെട്ടവർ പരമപ്രാധാന്യം കൊടുക്കാത്തതെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. മാനസാന്തരാനുഭവം വന്നാലല്ലേ വിശ്വാസാനുഭവവും പരിശുദ്ധാത്മാനുഭവവും പൂർണ്ണതയുള്ളതാകൂ. മാനസാന്തരത്തിന്റെ പൂർണ്ണതയിലെത്താത്തവർ വിശ്വാസത്തിലെത്രയെത്ര വളർന്നാലും പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിലെത്ര ആഴപ്പെട്ടാലും ആ കാര്യങ്ങളെ മറന്നുകൊണ്ട് പാപത്തിനും പൈശാചികചിന്തകൾക്കും പെട്ടെന്ന് ചെവി കൊടുത്തുപോകയില്ലേ ? നമ്മുടെ ജഡം എന്നു പറയുന്നതും ചിന്താകുലങ്ങൾ എന്നു പറയുന്നതും പലപ്പോഴും ദുർബ്ബലങ്ങൾ അല്ലേ. ഇങ്ങനെ നേരെ ചൊവ്വെ ചിന്തിക്കുമ്പോൾ വിവേകമതികൾക്ക് മനസ്സിലാകും അനുദിനമാനസാന്തരം മറ്റെന്തിനേക്കാളും അത്യാവശ്യമാണെന്ന്.

മത്താ.11:13-ൽ "സകല പ്രവാചകന്മാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു" എന്ന ഭാഗത്തിന് ഉല്പത്തി മുതൽ മലാഖി വരെയുള്ള 39 പഴയനിയമബുക്കുകളിൽ അവിടവിടെയായി മശിഹായുടെ ആഗമനത്തെപ്പറ്റി അനവധി പ്രവചനങ്ങൾ ഉണ്ടായിരുന്നു എന്ന് അർത്ഥം പറയാം. യോഹന്നാന് ശേഷമുള്ള യേശുക്രിസ്തുവിന്റെ കൃപായുഗകാലത്തിന്റെ സ്വഭാവം പുതിയനിയമം ചർച്ച ചെയ്യുന്ന **"കൃപ"**എന്ന വലിയ ഒരു സ്നേഹത്തിൽ കടഞ്ഞെടുത്ത, **"മാനസാന്തരവും വിശ്വാസവും വീണ്ടും ജനനവും"** വിശ്വാസിയിൽ നിന്നും കർത്താവ് പ്രതീക്ഷിക്കുന്ന **നിതൃതയ്ക്കുതകുന്ന വിശുദ്ധിയിൽ** ചെന്നെത്തി നിൽക്കുന്നതും **ആത്മാവിന്റെ പ്രവർത്തനങ്ങൾക്ക് വിട്ടുകൊടുക്കുന്നതും** ആയ തികച്ചും **"പുതിയതായ കാര്യങ്ങൾ"** ആണ്.

യോഹന്നാൻ സ്നാപകൻവരെ പ്രസംഗിച്ചുകൊണ്ടിരുന്നത് മോശ മൂലം ലഭിച്ച ന്യായപ്രമാണമാണ്. യോഹന്നാൻ 1:17,18-ൽ "കൃപയും സത്യവും യേശുക്രിസ്തു മുഖാന്തിരം വന്നു, ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" എന്നെഴുതുന്നതിനുമുമ്പ് "ന്യായപ്രമാണം മോശെ വഴി ലഭിച്ചു" എന്ന് ചേർത്തത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. "അവന്റെ (യേശുവിന്റെ) നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു" എന്നും യോഹന്നാൻ 1:16-ൽ നാം വായിക്കുന്നു. മോശെ മുഖാന്തിരം ലഭിച്ച ന്യായപ്രമാണം ആ കാലഘട്ടത്തിനുവേണ്ടി ദൈവം നൽകിയതായിരുന്നു. ന്യായപ്രമാണം എന്ന നിഴൽ യേശുക്രിസ്തു വഴി ലഭിക്കാനിരിക്കുന്ന ദൈവസ്നേഹത്തിന്റെ "ക്ലൈമാക്സായ" കൃപയെന്ന പൊരുളത്രെ.

യോഹന്നാൻ 1:14-ൽ "വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ




ഇടയിൽ പാർത്തു; ഞങ്ങൾ അവന്റെ തേജസ്സ്, പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു". എന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ.

തേജസ്സേറിയ കാഴ്ച എന്താണെന്ന് പറയട്ടേ ? മനുഷ്യാവതാരമെടുത്ത യേശുക്രിസ്തു, ദൈവമായിത്തന്നെ കുടികൊള്ളുന്ന പിതാവിന്റെ മഹത്വമേറിയ യഥാർത്ഥ സ്വത്വത്തെ വെളിപ്പെടുത്തി എന്നതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന ദൈവികത്രിത്വം എന്ന നിലയിലുള്ള യേശുവിന്റെ ദൈവത്വത്തെ കാണിക്കുന്ന ഒരു ബന്ധമാണ് "ഏകജാതൻ" എന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത്. "ആദ്യജാതൻ" എന്നതിന് സൃഷ്ടിക്കുമുമ്പേ ആദ്യനായുണ്ടായിരുന്നവൻ എന്നും അർത്ഥം. യോഹന്നാൻ 17:5-ൽ "ഇപ്പോൾ, പിതാവേ ലോകം ഉണ്ടാകും മുമ്പേ എനിക്ക് നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തണമേ എന്നിടത്ത് ത്രിത്വത്തിൽ യേശുവിന് മനുഷ്യപുത്രനായി വരുന്നതിന് മുമ്പേയുള്ള മഹത്വം എത്ര ശ്രേഷ്ഠമാണെന്ന് വ്യക്തമാണല്ലോ.

യോഹന്നാൻ സ്നാപകൻ വരെയുള്ള കാലഘട്ടത്തിന് എന്നെന്നേയ്ക്കുമായി തിരശ്ശീല വീണത് നമ്മുടെ ശുശ്രൂഷകർ അറിയാതിരിക്കുന്നതെന്ത് ? യേശുക്രിസ്തു മുതൽ പുതിയൊരു കാലഘട്ടം, പുതിയനിയമബന്ധവും കൃപയാലുള്ള പാപമോചനസന്തോഷം നൽകുന്നതും പരിശുദ്ധാത്മാവിന്റെ വരങ്ങളാലും ഫലങ്ങളാലും നിറഞ്ഞതും യാതൊരു കാരണവശാലും നിത്യത നഷ്ടപ്പെടുകയില്ലാത്തതുമായ "കൃപയാലുള്ള വിശ്വാസം വഴിയുള്ള രക്ഷ" (എഫേ.2:8) യെ നമ്മുടെ എഴുത്തുകാരും ടിവീ ഇവാഞ്ചലിസ്റ്റുകാരും അറിയാത്തതുകൊണ്ടാണോ, അറിഞ്ഞിട്ടും അവതരിപ്പിക്കാതിരിക്കുന്നതാണോ ?

ലോകചരിത്രത്തെ Before Christ (B.C) എന്നും Annoi Domini (A.D) എന്നും രണ്ടായിത്തിരിച്ച് കഴിഞ്ഞിട്ട് 2015 വർഷങ്ങളായി. ഇവിടെ ഏകജാതനെന്നും, ആദ്യജാതനെന്നും, മനുഷ്യപുത്രനെന്നും, ദൈവപുത്രനെന്നും മശിഹായെന്നും ഒക്കെ പേരുള്ള ദൈവം തന്നെയായ യേശുക്രിസ്തു ന്യായപ്രമാണത്തിൽ നിന്നും വ്യത്യസ്തമായ കൃപാപ്രമാണമാണ് വെളിപ്പെടുത്തുന്നത്. ഈ സത്യദൈവം മോശെയ്ക്കും ദാവീദിനും വലിയ സാന്നിധ്യമായിരുന്നുവെങ്കിൽ, ഇപ്പോൾ നമ്മോടുകൂടിയവൻ എന്ന അർത്ഥത്തിൽ "ഇമ്മാനുവേൽ" ആണ് (മത്താ.1:22). 1 കൊറി.3:16,17 തിരുവചനങ്ങളും 1 കൊറി.6:19 തിരുവചനം അനുസരിച്ചും നമ്മൾ ആകുന്ന ദേവാലയത്തിൽ ആത്മാവായി ഈ ദൈവം എന്ന യേശു വസിക്കുകയാണ്. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ ; നിങ്ങളും അങ്ങനെ തന്നെ" (1 കൊരി.3:16,17).

"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളരവല്ല എന്നും അറിയുന്നില്ലയോ ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരി.6:19,20).

ഈ രണ്ട് തിരുവചനങ്ങളിലും പരിശുദ്ധാത്മാവിന്റെ മന്ദിരം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടി ഉണ്ട് (മത്താ.28:20). എന്ന ക്രിസ്തു പറഞ്ഞ വചനമനുസരിച്ച് ആത്മാവായി ക്രിസ്തു നമ്മുടെ ശരീരമാകുന്ന പള്ളിയിൽ വന്ന് വസിക്കുകയാണ് എന്നതാണ്. അവിടുത്തെ വചനം പ്രമാണിച്ചുകൊണ്ട്, നാം വിശുദ്ധരായി ജീവിക്കണം. അപ്പോൾ ദൈവമായ യേശു ആത്മാവായി നമ്മുടെ ഉള്ളിൽ വന്ന് വസിക്കും. ഇതാണ് പുതിയനിയമ ദൂത്. നമ്മുടെ ഉള്ളിൽ വസിക്കുന്ന സത്യദൈവം ദൂരെയല്ലാത്തതുകൊണ്ട് അലറി വിളിക്കേണ്ടതുണ്ടോ ? ഡാൻസിംഗ് മെത്തേഡിൽ നൂറ് കണക്കിന് സംഗീതോപകരണങ്ങളുടെ അകമ്പടിയോടും ശബ്ദരാജനായ മൈക്ക്സെറ്റും ഒക്കെ ഉപയോഗിച്ച് "വർഷിപ്പ്" എന്ന പേരിൽ ഒരു




മഹാസംഭവം ആക്കേണ്ടതുണ്ടോ എന്ന് സമയമെടുത്ത് പുതിയനിയമവചനമനുസരിച്ച് ചിന്തിച്ചു നോക്കിയാൽ നമ്മുടെ "മണ്ടത്തരങ്ങൾ" നമുക്ക് മനസ്സിലാകും. പഴയനിയമത്തിൽ പ്രത്യേകിച്ചും സങ്കീർത്തനപുസ്തകത്തിൽ സകലശക്തിയോടുംകൂടി ദൈവത്തെ ആരാധക്കണമെന്നില്ലേ എന്ന് ചോദിച്ചാൽ അങ്ങനെയുണ്ട് താനും എന്നാണ് ഉത്തരം എന്ന് തന്നെ പറയാനിടയാകും. പക്ഷെ നിത്യജീവൻ നൽകുന്നത് പുതിയനിയമമാണ് എന്നതാണ് ശരിയായ ഉത്തരം. നിത്യജീവൻ നൽകുന്നതിനുവേണ്ടി നൽകാത്തതിൽ നിന്നും മാറണമെന്നതാണ് ശരി.

"യേശു പുളിച്ച വീഞ്ഞ് കുടിച്ച ശേഷം നിവൃത്തിയായി എന്ന് പറഞ്ഞ് തല ചായ്ച്ച് ആത്മാവിനെ ഏല്പിച്ചു കൊടുത്തു" (യോഹ.19:30) എന്നിടത്ത് നിവൃത്തിയായി എന്നതിന്റെ ഇംഗ്ലീഷ് പരിഭാഷ "It is finished And bowing His head, He gave up his spirit" (NKJV) എന്നതാണ്. NKJV study Bible - ൽ ഈ തിരുവചനത്തിന്റെ ആശയം എഴുതിയിരിക്കുന്നത് എഴുതാം. "Having fulfilled every command of the father and every prophecy of scripture, Jesus voluntarily died. This was not a cry of exhaustion; but of completion Jesus had done what he had agreed to do".

കാൽവരിയിൽ ത്രീയേകദൈവത്തിന്റെ രക്ഷാകരദൗത്യം, യേശുക്രിസ്തു പൂർത്തീകരിച്ചു. It is finished (യോഹ.19:30). ഈ രക്ഷാകരദൗത്യത്തെ സംബന്ധിക്കുന്ന ദൈവ ാത്മ വിളംബരമാണ് പുതിയനിയമം. ആദം ഹവ്വാമാരുടെ വീഴ്ച്ച മുതലേ ദൈവം ഒരുക്കിക്കൊണ്ടുവന്ന പുതിയനിയമത്തിലുടനീളമുള്ള എല്ലാ രക്ഷാകരസംഭവങ്ങളും അപൂർണ്ണങ്ങളായിരുന്നു. അവയെല്ലാം ക്രൂശിലെ സമ്പൂർണ്ണയാഗത്തിന്റെ നിഴലുകളായിരുന്നു. ആ യാഗം പരിപൂർണ്ണയാഗമായിരുന്നു. ഈ പരമയാഗത്തിലൂടെ പാപങ്ങൾക്ക് സമ്പൂർണ്ണവിമോചനം ഉള്ളതുകൊണ്ട് ഇനിമേൽ പാപങ്ങൾക്കുവേണ്ടി യാതൊരു പള്ളിക്കുർബ്ബാനകളും ആവശ്യമില്ല എന്നാണ് എബ്രാ.10:18. "എന്നാൽ ഇവയുടെ മോചനമുള്ളിടത്ത് ഇനിമേൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗവും ആവശ്യമില്ല "(എബ്രാ.10:18). പത്രോസപ്പൊസ്തലൻ 1 പത്രൊ.1:18,19-ൽ പറഞ്ഞിരിക്കുന്നതു കൂടി ശ്രദ്ധിക്കാമല്ലൊ. "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രെ എന്ന് നിങ്ങൾ അറിയുന്നുവല്ലോ".

മാനവരാശിയുടെ നിത്യതയെ ലക്ഷ്യംവെച്ച് അവരുടെ പാപത്തിന്റെ പരിഹാരാർത്ഥം ത്രീയേകദൈവം ഒരുക്കിയ രക്ഷാകരസംഭവമായ കാൽവരിയാഗത്തിന്റെ ആനുകൂല്യമാണ് ആ സംഭവത്തിൽ നൂറു ശതമാനവും വിശ്വസിക്കുന്നവർക്ക് നിത്യത ലഭിക്കുക എന്നത്. ഇതൊരു സൗജന്യ ദാനമാണ്. വമ്പൻ കൃപയാണ്. ഇതൊരു മതപരമായ ചടങ്ങിലോ ആചാരാനുഷ്ഠാനത്തിലോ ഒതുക്കുവാനുള്ള ചില മതങ്ങളുടെ താത്ത്വികപഠനവും ഒർഡറുകൾ ഇടലും എല്ലാം, അതിൽ താല്പര്യമെടുക്കുന്നവരുടെ നിത്യജീവൻ നഷ്ടപ്പെടുത്തിക്കാം എന്ന സാത്താന്റെ നിഗൂഢമായ പദ്ധതിയത്രെ. അപ്പൊസ്തലനായ പൗലോസ് റോമാലേഖനം 10:9-ൽ ഇപ്രകാരം പറയുന്നു. "യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും".

അടിസ്ഥാനപരമായ സത്യമാണ് റോമ.10:9-ൽ പറഞ്ഞത്. യേശു പാപമോചനത്തിനുവേണ്ടി കാൽവരിയിൽ പൂർത്തിയാക്കിയ രക്ഷാകരസംഭവമായ ക്രൂശിക്കപ്പെടുക എന്നതിൽ ആര് ശക്തമായി വിശ്വസിക്കുന്നുവോ, അപ്പോൾ മാത്രമാണ് മാനസാന്തരത്തിന്റെ ആനന്ദലഹരിയിൽ നാം ലയിക്കുന്നത്. ആ വിശ്വാസം ഉണ്ടാകുന്നതു തന്നെ മനസ്സിന്റെ ഉള്ളിൽ കാലാകാലങ്ങളായി കുടികൊണ്ടിരുന്ന പള്ളിയമ്പല ശുശ്രൂഷകളിലൂടെയല്ല. പാപമോചനം ലഭിക്കുക എന്ന മാനസാന്തരാനുഭവം ഉണ്ടായി എന്റെ സ്വന്തം പാപ

ശേഷം 23-ാം പേജിൽ

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



പാ:സി.വി. ജോസ്സി
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



പാ. ബിജു
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്
ഞായർ: 10.30 am to1pm (ആരാധന)
ബുധൻ (പ്രാർത്ഥന)



പാ. ബിനോജ്
Mob: 9539769595
**അടൂർ**
YMCA ഓഡിറ്റോറിയം
ഞായർ: 10 am to 1 pm
(ആരാധന)

## ആലപ്പുഴ ജില്ല



പാ.രാധാകൃഷ്ണൻ
Mob:8086425080
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി
ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്** സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി
ദിവസങ്ങളിൽ 10 am to 3 pm (ബൈബിൾക്ലാസ്)
**കായംകുളം** വൈ.എം.സി.എ ഗോൾഡൻ
ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm





പാ:യേശുദാസ്
പുളിക്കൽ &
Ph:9446745148
പാ. ബിജു
Ph:9447116820

**മാവേലിക്കര**
പുതിയകാവ് YWCA ഓഡിറ്റോറിയം
ഞായർ: 2.30 pm 5.00 pm (ആരാധന)

## കൊല്ലം ജില്ല



പാ:ജോസ് മാത്യു
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ,
ചിന്നക്കട, റെയിൽവെ
ക്രോസിന് സമീപം
ഞായർ: 10 am to 1pm (ആരാധന)
**കരുനാഗപ്പള്ളി** Ph:9847872731, 9946586728
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി** Ph:9847872731, 9946586728
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)
ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
രാമൻ കുളങ്ങര 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
പാലത്തറ 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കന്നേറ്റി പള്ളിമുക്ക് 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലും മൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.



പാ. സോജൻഎബ്രഹാം
Mob:9037705419
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞ കൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



പാ:ബിജു സ്കറിയ കുണ്ടറ
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ്
ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
(പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ
ഓഡിറ്റോറിയം 3.00 pm – 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**
**കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

## തിരുവനന്തപുരം ജില്ല



പാസ്റ്റർ:ജോർജ്ജ് തോമസ്
കുടിപ്പാറ
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA
ഹാൾ 10.30 am–12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30pm),
4-ാം ഞായർ (12.30pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ**, ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**, അംബികാ ഭവനം എല്ലാ ശനി
യാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ**, 1-ാം ചൊവ്വ മാത്യൂസ്
ഭവനം 5.30 pm
**ആന്നാട്**, 2-ാം ചൊവ്വ ബാബുഭവനം
10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ
ഭവനം 6.00 pm
**കുടപ്പനക്കുന്ന്**, 4-ാം ചൊവ്വ ശശിഭ
വനം 6.30 pm
**മുട്ടട**, ആത്മാഭിഷേകം ഓഫീസ് എല്ലാ
ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar**, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരൂട്ടമ്പലം**, 1-ാം ബുധൻ ചിനിവിള
ജോർജ്ജ് 5 pm
**വലിയവിള**, 2-ാംബുധൻ ജയചന്ദ്രൻ
ഭവനം 4.30 pm
**കരമന**, 3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം
5.00pm
**കിള്ളി**, 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ**, 1-ാം വ്യാഴം ജസ്റ്റസ്
ഭവനം 5 pm
**ഉദിയൻകുളങ്ങര**, 2-ാം വ്യാഴം
ശശിഭവനം 4.30 pm
**പേരൂർക്കട**, 2-ാം വ്യാഴം
സാവിത്രിഭവനം 10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി**, 4-ാം വ്യാഴം രാജൻ ഭവനം 4.30pm
**മരുതൂർ**, 1-ാം ശനി സദാശിവൻ ഭവനം
5.30 pm
**സന്തോഷ് നഗർ**, 2-ാം ശനി മുരളിസാർ
ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം**, 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, **പാറോട്ട്കോണം**, 4-ാം ശനി
മനോജ് ഭവനം 5.30 pm



പാസ്റ്റർ വിനു നടയ്ക്കൽ
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ്
സെന്റർ (ഷീലാ കോട്ടേജ്
റെയിൽവെപാലത്തിന് സമീപം,
കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട**, ജെ.എം. ഹാൾ
ഞായർ 3 pm to 5 pm (ആരാധന)
**അമരവിള**, എസ്ഥേർഭവനം
രണ്ടാം ശനി 2 pm to 4 pm (ആരാധന)



എന്റെ പേര് വിൻസെന്റ്. ദുബൈയിൽ ജോലി ചെയ്യുന്നു. ഞാൻ ജീവിതത്തിൽ നേരിട്ട ഒരു വലിയ പ്രശ്നത്തിന്മേൽ കർത്താവ് അത്ഭുതകരമായി ഇടപെട്ടതിനേക്കുറിച്ച് പ്രിയ ആത്മാഭിഷേകം വായനക്കാരോട് പങ്കുവെയ്ക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ ലീവിന് നാട്ടിൽ വന്നപ്പോൾ എന്റെ ഉടമസ്ഥതയിലുള്ള കുറച്ചു സ്ഥലം പോക്കുവരവു ചെയ്യുവാൻ വില്ലേജാഫീസിൽ ചെല്ലുമ്പോഴാണ് അതിന് ചില തടസ്സങ്ങളുണ്ടെന്ന് ഞങ്ങളറിയുന്നത്. അപ്പോഴാണ് ബഹു.ദേവസ്യാ മുല്ലക്കരസാർ ബത്തേരിയിൽ നടത്തിയ ഭവനസന്ദർശനത്തിന്റെ ഭാഗമായി ഞങ്ങളുടെയും ഭവനം സന്ദർശിച്ചതും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചതും. പ്രാർത്ഥനക്കുശേഷം സാറിന് പരിശുദ്ധാത്മാവു കൊടുത്ത ബോധ്യം അനുസരിച്ച് ഞങ്ങളോടു പറഞ്ഞു, വെളുത്ത പൊക്കമുള്ള ഒരാൾ നിങ്ങൾക്കുവേണ്ടി ഈ കാര്യത്തിൽ ഇടപെടുമെന്നും മുപ്പതു ദിവസത്തിനുള്ളിൽ ഈ കാര്യത്തിന് പരിഹാരമാകുമെന്നും പറഞ്ഞു. പ്രിയപ്പെട്ടവരെ അത്ഭുതമെന്നു പറയട്ടെ സാർ പറഞ്ഞതുപോലെ തന്നെ അതേ അടയാളമുള്ള മാന്യനായ ഒരു വ്യക്തി എന്നെ സമീപിക്കുകയും നിങ്ങളുടെ സ്ഥലത്തെസംബന്ധിച്ച് എന്താണ് പ്രശ്നമെന്ന് ചോദിക്കുകയും ചെയ്തു. ഇത് പെട്ടെന്ന് പരിഹരിക്കുവാൻ പറ്റുന്ന ഒരു പ്രശ്നമല്ലല്ലോ എന്നും പറഞ്ഞു. എന്നാൽ പിറ്റേന്നുതന്നെ അദ്ദേഹം എന്നെ ഫോണിൽ വിളിച്ചിട്ടു പറഞ്ഞു, 10 ദിവസത്തിനുശേഷം താങ്കൾ വില്ലേജിൽ ചെന്നാൽ മതി, നിങ്ങളുടെ സ്ഥലത്തെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം അവിടെ പറഞ്ഞിട്ടുണ്ട് എന്ന്. അപ്പോൾ സാർ പറഞ്ഞ കൃത്യം 30 ദിവസം ആകുകയും ചെയ്യും. ഞങ്ങളെ സംബന്ധിച്ച് ഒട്ടും പ്രതീക്ഷിക്കാത്ത ഒരു കാര്യമായിരുന്നു അത്. ആത്മാവു വെളിപ്പെടുത്തിയതുപോലെ തന്നെ ഇത്രയും കാര്യങ്ങൾ നടന്നതിനാൽ എന്റെ കർത്താവ് ബാക്കികാര്യങ്ങളും ഭംഗിയായി നടത്തിത്തരുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ദൈവം ഈ കാര്യത്തിൽ അത്ഭുതകരമായി ഇടപെട്ടതിനായി ഞാൻ ദൈവത്തിന് ഒരായിരം നന്ദി പറയുന്നു.

**വിൻസെന്റ്**
**ബത്തേരി**
**വയനാട്. PH: 9605328070**

## Cheque And Drafts



**ചെക്കുകളും ഡ്രാഫ്റ്റുകളും അയക്കേണ്ട വിലാസം:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O, പുളിങ്ങോം
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.
Ph:04985–213999
e-mail: ekmoffice@gmail.com

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ–മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.



എന്റെ പേര് സോളി. ഞാൻ കോഴിക്കോട് ജില്ലയിൽ തിരുവമ്പാടിക്കടുത്ത് താമസിക്കുന്നു. എനിക്ക് പറയാനുള്ളത് വ്യത്യസ്തമായ ഒരു സാക്ഷ്യമാണ്. മൂത്തകുട്ടിയെ ലഭിച്ച് 9 വർഷങ്ങൾക്കു ശേഷമാണ് ഞങ്ങൾ ഒരാൺകുട്ടിയെ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിപ്പിക്കാൻ മുറംപാത്തിയിൽ നടന്ന സാറിന്റെ കൺവെൻഷനിൽ പങ്കെടുത്തത്. പ്രാർത്ഥനാമദ്ധ്യേ സാർ പറഞ്ഞു നിങ്ങൾക്ക് ഉടൻ തന്നെ ഒരാൺകുട്ടിയെ ഗർഭം ധരിക്കുവാൻ കർത്താവ് കൃപ തന്നിരിക്കുന്നുവെന്ന്. അടുത്തമാസം തന്നെ ഞാൻ ഗർഭിണിയായി. ഒരാൺകുഞ്ഞിനെതന്നെ പ്രസവിക്കുവാൻ ദൈവം കൃപ നൽകി. കൂടാതെ ഞങ്ങളുടെ മൂത്തമകൾ പ്ലസ്വണ്ണിന് പഠിക്കുകയായിരുന്നു. അവൾ പഠിത്തത്തിൽ വലിയ മെച്ചമല്ലാത്തതിനാൽ ഞങ്ങൾ വിഷമത്തിലായിരുന്നു. സാമ്പത്തികമായി പിന്നോക്കമായതിനാൽ നല്ല മാർക്കു കിട്ടാതെ എങ്ങനെ മുന്നോട്ട് പഠിപ്പിക്കുവാൻ കഴിയുമെന്ന് ഞങ്ങൾ ചിന്തിക്കുമായിരുന്നു. എന്നാൽ സാറിനെക്കൊണ്ട് അവൾക്കുവേണ്ടി പ്രാർത്ഥിപ്പിച്ചതിന്റെ ഫലമായി അവളുടെ പഠനനിലവാരം അത്ഭുതകരമായി മെച്ചപ്പെട്ടു. പ്ലസ് വണ്ണിന് 85 ശതമാനവും പ്ലസ് ടുവിന് 83 ശതമാനവും മാർക്കുവാങ്ങി ജയിച്ചുവെന്നു മാത്രമല്ല കോച്ചിംഗ് കൂടാതെ മെഡിക്കൽ എൻട്രസ് എഴുതി (BOT) ഓൾഇന്ത്യാ തലത്തിൽ 2-ാം റാങ്ക് വാങ്ങുവാനും കർത്താവ് സഹായിച്ചു. അവൾ ഇപ്പോൾ കൽക്കത്തയിൽ മെഡിസിന് പഠിക്കുന്നു.

കർത്താവായ യേശു ഞങ്ങളുടെ ജീവിതത്തിൽ തന്ന അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. **സോളി പുന്നയ്ക്കൽ**

**Ph:** 9497693991






15-ാം പേജിൽ നിന്നും തുടർച്ച

ങ്ങൾ ഏറ്റെടുത്ത് എനിക്ക് നിത്യത തരാൻ വേണ്ടിയായിരുന്നു അതെന്ന സത്യദർശനം കൂടി ഉണ്ടാകുമ്പോഴാണ്. അപ്പോൾ മാനസാന്തരം എന്നത് ഭയങ്കര കള്ളുകുടിയനായിരുന്ന ഒരു വ്യക്തി തീർത്തും കള്ളുകുടി നിർത്തി എന്ന് പറയുന്നതുപോലെയുള്ള ഒരു സംഭവമല്ല. രക്ഷയെപ്പറ്റി പുതിയനിയമത്തിൽ പറയുന്നതാണ് മറ്റെല്ലാത്തിനേക്കാളും ശരി എന്ന് മനസ്സുകൊണ്ടുറച്ച് വിശ്വസിക്കുന്നതുംകൂടിയാണ്.

നിത്യജീവൻ പണിതുയർത്തേണ്ടത്, പള്ളിയമ്പലങ്ങളിൽ ഇരിക്കുന്ന ഏതെങ്കിലും മതമിത്തുകൾ കൊണ്ടുണ്ടാക്കുന്ന ദുർബ്ബലമായ അടിത്തറയിലല്ല, ഉത്സവത്തിരുനാൾ സംഭവങ്ങളുടെ ബലൂൺപൊട്ടിക്കലുകളുടേയും പടക്കം പൊട്ടിക്കലുകളുടേയും ലഹളമയമായ ആഘോഷത്തിമിർപ്പുകളിലുമല്ല. അത് ക്രിസ്തുവെന്ന ദൈവകുഞ്ഞാടിനെ യഹോവയ്ക്ക് പ്രീതികരമായ വിധത്തിൽ യാഗം നടത്തിയ മഹാസംഭവം എന്റെ രക്ഷയ്ക്ക് അത് മതിയായത് എന്ന സത്യവിശ്വാസം കൃപയാൽ ഉണ്ടാകുന്നിടത്താണ്. അവിടെ നിത്യജീവൻ കുടികൊള്ളുന്നു. യഥാർത്ഥ നിത്യജീവൻ ഇവിടെയാണ് കുടികൊള്ളുന്നതെന്ന സത്യമറിഞ്ഞിട്ടും അതിന്റെ നിഴൽ സംഭവങ്ങളുടെ വായനയും പഠിത്തവും പഠിപ്പിക്കലുകളുമായി കാലം കഴിച്ചുകൂട്ടുന്നവർ മാനസാന്തരപ്പെട്ട് പുതിയനിയമസത്യങ്ങളിലൂടെ ക്രിസ്തുവിലേക്ക് അടുക്കുകതന്നെ വേണം.

**ദൈവരാജ്യം.**

മത്താ.4:17-ൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവിൻ എന്നും മർക്കോസ് 1:15-ൽ ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നും പറഞ്ഞിരിക്കുന്നുവല്ലോ. Kingdom of God എന്ന ഇംഗ്ലീഷ് പദപ്രയോഗത്തിന്റെ മലയാളപദമാണ് ദൈവരാജ്യം അല്ലെങ്കിൽ സ്വർഗ്ഗരാജ്യം എന്നു മാത്രമേ കരുതേണ്ടതുള്ളു. ഇതൊരു ആത്മീയാനുഭൂതിയാണ്. നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും ആണ് ദൈവരാജ്യമെന്ന് അപ്പൊസ്തലനായ പൗലെസ് റോമാലേഖനം 14:17-ൽ പറയുന്നതുംകൂടി മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് ദൈവരാജ്യമെന്നത് ഒരാത്മീയാനുഭൂതിയാണ് എന്നെഴുതിയത്. വ്യക്തിയുടെ ഹൃദയത്തിൽ ദൈവം വസിക്കുമ്പോൾ വ്യക്തിയനുഭവിക്കുന്ന ദൈവാധിപത്യത്തിന്റെ സ്വാതന്ത്ര്യത്തിൽനിന്നുമുണ്ടാകുന്ന സന്തോഷവും സമാധാനവും ആണത്. ഈ ദൈവാധിപത്യം ഇമ്മാനുവേൽ ആയ ക്രിസ്തു പരിശുദ്ധാത്മാവായി നമ്മിൽ വസിക്കുന്നതും പാപ-ജഡ-ലോക-മത വഴിത്താരയിൽനിന്നും വേർപെടുത്തി എഫേസ്യലേഖനം 1:3-ൽ പറയുന്ന സ്വർഗ്ഗത്തിലെ സകല ആത്മീയാനുഗ്രഹത്താലും നമ്മെ



എന്റെ പേര് മോളി ജോയി. ഞാൻ എറണാകുളം ജില്ലയിൽ എളമക്കര എന്ന സ്ഥലത്ത് താമസിക്കുന്നു. എനിക്ക് 6 മാസത്തോളമായി ശക്തമായ കൈമുട്ടുവേദനയയായിരുന്നു (ടെന്നീസ് എൽബോ). കൈയ്ക്ക് ബാൻഡേജിട്ടിരിക്കിയായിരുന്നു. ഇതു കാരണം പണികളൊക്കെ ചെയ്യാൻ വളരെ ബുദ്ധിമുട്ടായിരുന്നു. ചികിത്സകളൊക്കെ ചെയ്തെങ്കിലും വേദനയ്ക്ക് യാതൊരു മാറ്റവുമില്ലായിരുന്നു. അങ്ങനെയിരിക്കെയാണ് ജൂലൈ മാസം 5-ന് ദേവസ്യാ മുല്ലക്കരസാർ എറണാകുളം ടൗൺ ഹാളിൽ ബൈബിൾ കൺവെൻഷൻ നടത്തിയത്. അവിടെ വെച്ച് സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവ് അത്ഭുതകരമായി എന്നെ സൗഖ്യമാക്കുകയും ചെയ്തു. ബാൻഡേജെല്ലാം മാറ്റി എനിക്കിപ്പോൾ യാതൊരു ബുദ്ധിമുട്ടും ഇല്ലാതെ ജോലി ചെയ്യാൻ സാധിക്കുന്നു. ഞങ്ങൾ പാലാരിവട്ടത്തുള്ള ആത്മാഭിഷേകം വർഷിപ്പ്സെന്ററിൽ, ഇന്നും ജീവിക്കുന്ന ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിച്ച് മഹത്വപ്പെടുത്തുന്നു. **മോളി ജോയി**
**എളമക്കര, Ph: 9020676074**




ക്രിസ്തുവിൽ അനുഗ്രഹിക്കുന്ന, സ്വർഗ്ഗത്തിലെ പൗരന്റെ അനുഭവത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്ന, "കൃപയുടെ അത്യന്തധന"ത്തിൽ നമ്മെ പൊതിയുന്ന സ്വർഗ്ഗീയമായ അനുഭവമാണ്. ഈ കൃപയുടെ അത്യന്തശക്തി ഒരാളിൽ നിറഞ്ഞിട്ടുണ്ടെങ്കിൽ, അത് യേശുവിൽ മാത്രമാണ് എങ്കിൽ, ദൈവരാജ്യാനുഭവം യേശ്വനുഭവം തന്നെയാണ്.

ഇനി ദൈവരാജ്യാനുഭവം എന്ന് ഒരു ഭയപ്പെടുത്തുന്ന വാക്കുപയോഗിക്കണമോ യേശ്വനുഭവം എന്നോ യേശുവിന്റെ കൂടെ നമ്മൾ എന്നോ നമ്മുടെ കൂടെ യേശുവെന്നോ ഏത് വേണം പറയുവാൻ ? ഏത് വേണമെങ്കിലും പറയാം. മത്താ.5:16-ൽ "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെകണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ". ഈ തിരുവചനം നിങ്ങൾ പലപ്രാവശ്യം വളരെ ശ്രദ്ധയോടെ വായിക്കണം. റോമാലേഖനം 14-ന്റെ 18-ൽ "ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യർക്ക് കൊള്ളാവുന്നവനും തന്നെ" എന്ന് അപ്പൊസ്തലനായ പൗലോസും പറയുന്നു. ഏറ്റവും വലിയ ലോകോത്തര കല്പനയിൽ മനുഷ്യരെ നാം എത്രമാത്രം കരുതണമെന്ന് പഠിപ്പിക്കുന്നു. "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോട് സമം; കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം. ഈ രണ്ട് കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു" (മത്താ.22:37-40, മർക്കോ.12:29,30,31)

ദൈവത്തെ ആരാധിച്ച് പ്രസാദിപ്പിക്കുക എന്നതു മാത്രമല്ലല്ലോ ഈ സുപ്രധാനകല്പനയിൽ പറഞ്ഞത്. മനുഷ്യർക്ക് കൊള്ളാവുന്നവരാകണം, അഥവാ, അവരെ തന്നെപ്പോലെതന്നെ സ്നേഹിക്കണമെന്നാണല്ലോ. എന്നാൽ ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്നവർ പോലും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിച്ച് പള്ളിക്കും ശുശ്രൂഷകനും ദശാംശം കൊടുക്കുകയും ചെയ്താൽ മതി - അതാണ് ആത്മീയത എന്ന് തെറ്റായി കരുതുന്നു.

അപരന്മാരോടും സമൂഹത്തോടും പ്രതിബദ്ധത കാണിച്ചേ പറ്റൂ എന്നതാണ് ക്രിസ്തു പഠിപ്പിച്ച അതിസുന്ദരമായ കല്പന. യേശുവിന്റെ മനോഭാവം അത് തന്നെയായിരുന്നു. അത് ക്രൈസ്തവശൈലിയാണ്. ഈ സ്നേഹത്തിന്റെ ശൈലിയും സമീപനവും മനസ്സലിവും നീതിയും കരുണയും വിശ്വസ്തതയും ക്രിസ്തുവിന്റെ യഥാർത്ഥസഭയുടെ മുഖമുദ്രയായിരിക്കണം. മറ്റുള്ളവരുടെ അനുദിനജീവിത പ്രതിസന്ധികൾ, അത് രോഗങ്ങളായാലും വിദ്യാഭ്യാസമില്ലായ്മയിൽ സംഭവിക്കുന്ന വിവരക്കേടുകളായാലും സാമ്പത്തികമില്ലായ്മയാലുണ്ടാകുന്ന സങ്കടങ്ങളായാലും മറ്റെന്ത് കുറവുകളായാലും സഭാശുശ്രൂഷകനും വിശ്വാസികളും ഒരിയ്ക്കലും കണ്ടില്ലെന്ന് വയ്ക്കുവാൻ പാടില്ല. പണവും വിദ്യയും നൽകി അവരെ വേണ്ടത്ര സഹായിക്കാൻ പറ്റുന്നെങ്കിൽ പറ്റട്ടെ, ഇല്ലെങ്കിൽത്തന്നെയും അവരെ കേട്ടും ആശ്വസിപ്പിച്ചും ധൈര്യം പകർന്നുകൊടുത്തും അവർക്കുവേണ്ടി പ്രാർത്ഥിച്ചും ക്രിസ്തുവിനുള്ള മനോഭാവം നമുക്കുമുണ്ടെന്ന് നാം തെളിയിക്കുക തന്നെ വേണം. ഒരു സഭയിൽ 100 പേരുണ്ടെന്നിരിക്കട്ടെ. അതിൽ നാലൊ അഞ്ചോ പേരായിരിക്കും അൽപം മെച്ചപ്പെട്ട സാമ്പത്തികമുള്ളവർ. എട്ടോ പത്തോ ആളുകളായിരിക്കും ഉയർന്ന ചിന്തയും സംസ്ക്കാരവും ഉള്ളവർ. അവർ മറ്റുള്ള സാധാരണക്കാരെ തങ്ങൾക്ക് തുല്യരായി കരുതണം. ഇല്ലെങ്കിൽ നഷ്ടപ്പെടുന്നത് അവരുടെ നിത്യതയായിരിക്കും. ഉന്നതമായി ചിന്തിക്കുവാൻ കഴിയാത്തവർ അക്കാരണത്താൽ തന്നെ കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യും. അവരുടെ അപകർഷതാബോധംകൊണ്ട് അവർ പലവിധ ഗുലുമാലുകൾ സഭയിലും വീട്ടിലും ഉണ്ടാക്കുകതന്നെ ചെയ്തേക്കും. പക്ഷെ കർത്താവിന്റെ കല്പന നാം അവരെ നമ്മെപ്പോലെതന്നെ




സ്നേഹിക്കണമെന്നാണ്. അവർ സഭ വിട്ടുപോയെങ്കിൽ എന്നോ അവരില്ലാതെ വന്നാലും ഈ സഭ ഞങ്ങളെക്കെകൂടി നടത്തിക്കൊള്ളാമെന്നോ ചിന്തിക്കുവാനും പറയുവാനും സാത്താൻ ആദ്യകൂട്ടരെ പ്രലോഭിപ്പിക്കും. എന്നാൽ ഓരോ മനുഷ്യാത്മാവും സഭയിൽ വന്ന് പതിവായി വചനം കേട്ട് മാനസാന്തരപ്പെട്ടാലല്ലേ അവരുടെയും വിലയേറിയ ആത്മാവിന് രക്ഷ ലഭിക്കുകയുള്ളു. മറുപക്ഷമാവട്ടെ ആദ്യപക്ഷക്കാരെ ഒട്ടും അംഗീകരിക്കാതെയും അവരേക്കാൾ തങ്ങളാണ് ദൈവതിരുമുമ്പിൽ ശ്രേഷ്ഠരെന്ന് കരുതിയും സ്വന്തം "കോംപ്ലക്സ്" ആകുന്ന കുഴിയിൽ സ്വയം പിന്നെയും താഴ്ന്നുകൊണ്ടിരിക്കും.

അതുപോലെ നോട്ടീസുവിതരണമായാലും, ട്രാക്റ്റു കൊടുക്കലും, ഭവനസന്ദർശന ശുശ്രൂഷയുമായാലും മടിച്ചുമടിച്ചുചെയ്യുന്നവരും അതൊക്കെ മറ്റുള്ളവർ വേണമെങ്കിൽ ചെയ്യട്ടെ, ഞാൻ എല്ലാം പ്രാർത്ഥിച്ചുകൊള്ളാം, ഞാൻ SMS വിട്ടുകൊള്ളാം എന്നൊക്കെ പറഞ്ഞ് ഒരു ബുദ്ധിജീവിയുടേയും വരേണ്യ - നേതൃത്വത്തിന്റെയും സ്വഭാവം കാഴ്ചവയ്ക്കുന്നവർ ഈ വചനമൊന്ന് പഠിച്ചാട്ടെ. "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും". മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയൊ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും (മത്താ.10:32). മാത്രമല്ല യോഹന്നാൻ 12:42,43-ൽ "എന്നിട്ടും പ്രമാണികളിൽത്തന്നെയും അനേകർ അവനിൽ വിശ്വസിച്ചു. പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ല താനും. അവർ ദൈവത്തിലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു" എന്നും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. എബ്രായലേഖകൻ 2:4 വാക്യത്തിൽ പരിശുദ്ധാത്മാവ് നിറഞ്ഞിങ്ങനെ ചോദിക്കുന്നു.

"ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ നാം തെറ്റി ഒഴിയും". ഈ ക്രിസ്തു വഴിയുള്ള സൗജന്യരക്ഷ എത്രയോ വലുതാണ്. ക്രൂശിതമരണം എത്രയോ വേദനാജനകവും ലജ്ജാവഹവും ആയിരുന്നിട്ടും നമ്മെപ്രതി യേശു അതെല്ലാം സഹിച്ചപ്പോൾ, സുവിശേഷശുശ്രൂഷകൾ ചെയ്യുന്നതിന് നഗരങ്ങളിലോ, പട്ടണങ്ങളിലോ, ഗ്രാമങ്ങളിലൊ, വീടുകൾതോറും കയറിയിറങ്ങുന്നതുൾപ്പെടെ ട്രാക്റ്റ് കൊടുക്കുന്നതും പ്രാർത്ഥിക്കുന്നതും ഉൾപ്പെടെ എന്തും നാം ചെയ്ത് ഏറ്റവും പാവപ്പെട്ടവരെങ്കിൽ പാവപ്പെട്ടവരെ, ധനവാന്മാരെങ്കിൽ ധനവാന്മാരെ പരമാവധി വചനം കേൾക്കാൻ ആകർഷിക്കുക എന്നത് നമ്മുടെ കടമ തന്നെയാണ്. അങ്ങനെ ചെയ്യുന്ന നമ്മെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ യേശുക്രിസ്തു ഏറ്റുപറയുമെന്നാണ് മത്തായി 10:32-ൽ പറയുന്നത്. ദൈവശാസ്ത്രം മുഴുവനും അരച്ചുകുടിച്ച് പഠിച്ചാലും നമ്മുടെ മനോഭാവം മാറുന്നില്ലെങ്കിൽ അതു






കൊണ്ടെന്ത് ഫലം ?

നമുക്ക് ലഭിക്കുന്ന കൃപയ്ക്കനുസരിച്ചാണ് കൃപയോടുകൂടി മറ്റുള്ളവരോട് പെരുമാറാൻ കഴിയുന്നത്. നാം യഥാർത്ഥ ആത്മീയരാണെങ്കിൽ മറ്റുള്ളവരുടെ വിഷമങ്ങളിൽ അവരെ സഹായിച്ചും സഹതപിച്ചും പോകും. ഫരിസേയസ്വഭാവം നമ്മിൽ നിലനിൽക്കുന്നുവെങ്കിൽ നാം മറ്റുള്ളവരെ ആയിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കാതെ പോകും. നാം അപ്പോൾ വല്ലതും അവരോട് പറയും. അതവരെ കൂടുതൽ മുറിക്കും. നമ്മുടെ അനാത്മീകതകൊണ്ട് അവരും അനാത്മീകരാകും.

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരെ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന് മത്താ.11:28-ൽ ന്മുടെ ദൈവമായ യേശു പറഞ്ഞത് അത് പ്രവൃത്തിയിൽ വരുത്തുവാനുമാണ്. അദ്ധ്വാനവർഗ്ഗത്തോട് അവിടുന്ന് അങ്ങനെ ആയിരുന്നു താനും.

കാൽവരിക്രൂശിൽ അവിടുന്ന് പിടഞ്ഞു മരിക്കുമ്പോൾ അവഗണിക്കപ്പെട്ടവരുടേയും, ബന്ധിതരുടേയും, പീഢിതരുടേയും, അക്ഷരജ്ഞാനമില്ലാത്തവരുടേയും, സാമ്രാജ്യത്വവാദികളുടേയും, പുരോഹിതന്മാരുടേയും, ഏവരുടേയും ഹൃദയസംത്രാസങ്ങളെല്ലാം ഏറ്റുവാങ്ങുകയായിരുന്നു. ആരോരുമില്ലാത്തവരെയും കിടപ്പാടമില്ലാത്തവരെയും ആർക്കും വേണ്ടാത്തവരെയും സ്വന്തമാക്കുകയായിരുന്നു. കാഴ്ചയില്ലാത്തവരുടേയും ശബ്ദമില്ലാത്തവരുടേയും കണ്ണുകളും തൊണ്ടകളും ചെവികളുമായി അവിടുന്ന് തീരുകയായിരുന്നു.പ്രിയവായനക്കാരാ നീയോ ?

നീ ഒരു ആത്മീയഗുരുവാണെങ്കിൽ, നീ ഒരു വിശ്വാസിയാണെങ്കിൽ നീ മറ്റുള്ളവരെ ഉപദേശിച്ച് നന്നാക്കുവാൻ ശ്രമിക്കുന്നവനാണെങ്കിൽ യേശുവാരായിരുന്നു എന്ന് ഉപദേശപരമായി മാത്രം ചിന്തിക്കാതെ യേശുവിന്റെ സ്നേഹം എന്നെ നിർബ്ബന്ധിക്കുന്നു എന്ന് പറഞ്ഞ് "തിയോളജിക്കൽ ലവ്" എന്നതിനപ്പുറം "പ്രാക്ടിക്കൽ ലവ്" എന്നിടത്തേക്ക് താഴ്ത്തിയിറങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു !

**വിശുദ്ധവും കപടവുമായ ആദ്ധ്യാത്മികതകൾ**

എന്താണ് വിശുദ്ധ ആദ്ധ്യാത്മികത എന്നതും എന്താണ് കപട ആദ്ധ്യാത്മികത എന്നതും വിശുദ്ധവേദപുസ്തകപ്രകാരം പഠിക്കാത്ത വേദപഠിതാക്കൾ പിശാചിന്റെ കുരുക്കിൽ അനുദിനം കുടുങ്ങുക തന്നെ ചെയ്യും. യിരമ്യാവ് 5-ാം അദ്ധ്യായത്തിൽ 26 മുതൽ 31 വരെയുള്ള തിരുവെഴുത്തുകൾ കുറിക്കാം. "എന്റെ ജനത്തിന്റെ ഇടയിൽ ദുഷ്ടന്മാരെ കാണുന്നു; അവർ വേടന്മാരെപോലെ പതിയിരിക്കുന്നു. അവർ കുരുക്കുവെച്ച് മനുഷ്യരെ പിടിക്കുന്നു. കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നതുപോലെ അവരുടെ വീട്ടിൽ വഞ്ചനനിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ മഹാന്മാരും ധനവാന്മാരും ആയിത്തീർന്നിരിക്കുന്നു. അവർ പുഷ്ടിവെച്ച് മിന്നുന്നു; ദുഷ്ക്കാര്യങ്ങളിൽ അവർ കവിഞ്ഞിരിക്കുന്നു; അവർ അനാഥന്മാർക്ക് ഗുണം വരത്തക്കവണ്ണം അവരുടെ വ്യവഹാരം നടത്തുന്നില്ല; ദരിദ്രന്മാർക്ക് ന്യായപാലനം ചെയ്യുന്നതുമില്ല. ഇവ നിമിത്തം ഞാൻ സന്ദർശിക്കാതെയിരിക്കുമോ? ഇങ്ങനെയുള്ള ജാതിയോട് ഞാൻ പകരം ചെയ്യാതിരിക്കുമോ എന്ന് യഹോവയുടെ അരുളപ്പാട്. വിസ്മയവും ഭയങ്കരവുമായുള്ളത് ദേശത്ത് സംഭവിക്കുന്നു. പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരുംഅവരോട് ഒരുകൈയായി നിന്ന് അധികാരം നടത്തുന്നു; എന്റെ ജനത്തിനോ ഇത് ഇഷ്ടമാകുന്നു; എന്നാൽ ഒടുക്കം നിങ്ങൾ എന്ത് ചെയ്യും" ?

ഈ തിരുവെഴുത്ത് പരിശോധിച്ചാൽ പുരോഹിതന്മാരും പ്രവാചകന്മാരുമുൾപ്പെടെയുള്ള ആത്മീക അധികാരവർഗ്ഗം അവർ പാവങ്ങൾക്ക് അനുകൂലമല്ലാതെ പ്രവർത്തിക്കുന്നത് ദൈവത്തിനിഷ്ടമില്ല എന്നല്ലേ മനസ്സിലാകുന്നത് ? അനാഥന്മാർക്കും ദരിദ്രന്മാർക്കും ന്യായപാലനം കിട്ടുക തന്നെ വേണം. യിരമ്യാവ് 6-ാം അദ്ധ്യായത്തിൽ 13 മുതൽ 16 വരെയുള്ള തിരുവെഴുത്തുകൾ കുറിയ്ക്കാം. "അവരൊക്കെയും ആബാലവൃദ്ധം ദ്രവ്യാഗ്രഹികൾ ആകുന്നു; പ്രവാചകന്മാരും പുരോഹിതന്മാരും ഒരു പോലെ വ്യാജം പ്രവർത്തിക്കുന്നു. സമാധാനമില്ലാതെ ഇരിക്കെ സമാധാനം സമാധാനം എന്നവർ പറഞ്ഞ് എന്റെ ജന






എന്റെ പേര് ജോയി. ഞാൻ കോട്ടയം ജില്ലയിൽ മുണ്ടക്കയത്തിനടുത്ത് പാറത്തോട് എന്ന സ്ഥലത്ത് താമസിക്കുന്നു. കർത്താവായ യേശു ക്രിസ്തു എന്റെമേൽ ചൊരിഞ്ഞ വലിയൊരനുഗ്രഹത്തെ ഞാനിവിടെ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. ഒരുമാസം മുമ്പ് ഒരു ദിവസം രണ്ടാം നിലയുടെ മുകളിൽ നിന്ന് താഴേക്കിറങ്ങുമ്പോൾ പെട്ടെന്ന് കാൽ വഴുതി താഴേക്ക് വീഴുവാനിടയായി. ഉടനെതന്നെ അടുത്തുള്ളവർ എന്നെ കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി. അവിടുന്ന് അവിടുത്തെ പരിശോധനയിൽ കാലിനും നടുവിനും നല്ല പൊട്ടലുണ്ടെന്നും കാലിന് കമ്പിയിട്ട് ഓപ്പറേഷനും ചെയ്ത് ഏകദേശം 6 മാസമെങ്കിലും ആശുപത്രിയിൽ കിടക്കണമെന്നും ഡോക്ടേഴ്സ് പറഞ്ഞു. ഒരു ലക്ഷം രൂപയെങ്കിലും ചിലവാകുമെന്നും പറഞ്ഞു. സാമ്പത്തികമുട്ടുള്ളതിനാൽ എന്തായാലും അത് വേണ്ടെന്നു തന്നെ വെച്ചു. നടുവിനും കാലിനും പ്ലാസ്റ്ററൊക്കെയിട്ട് അവിടുന്ന് പോന്നു. ഒടിവിനും ചതവിനും ഒരു പച്ചമരുന്ന് ചികിത്സയുണ്ടെന്ന് അറിഞ്ഞതിനാൽ തമിഴ്നാട്ടിൽ പോയി. അവിടെ ചെന്നപ്പോൾ അവിടെയും ഇത് സുഖപ്പെടുവാൻ നല്ല കാലതാമസം വേണ്ടിവരുമെന്ന് പറഞ്ഞതിനാലും കൂടെക്കൂടെയുള്ള ദൂരയാത്ര ബുദ്ധിമുട്ടായതിനാലും അതും വേണ്ടെന്ന് വെച്ചു. അങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് കൃപാവരങ്ങൾ ഉപയോഗിച്ച് പ്രാർത്ഥിക്കുന്ന വചനപ്രഘോഷകനായ ദേവസ്യാ മുല്ലക്കര സാർ തിരുവല്ലയിൽ വരുന്നുണ്ടെന്ന് അറിഞ്ഞത്. എന്നെ അവിടെകൊണ്ടുപോകുകയും സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും അത്ഭുതകരമായ ഒരു വിടുതൽ എനിക്കു കിട്ടുകയും ചെയ്തു. പ്രാർത്ഥനക്കുശേഷം അവിടെവെച്ചു തന്നെ നടുവിന്റെയും കാലിന്റെയും പ്ലാസ്റ്ററൊക്കെ എടുത്ത് സാധാരണപോലെ എനിക്ക് നടക്കുവാൻ കഴിഞ്ഞു. സുഖപ്പെടുവാൻ 6 മാസം വേണമെന്നിരിക്കെ സാറിന്റെ വിശ്വാസത്തോടെയുള്ള പ്രാർത്ഥന എന്റെയും വിശ്വാസത്തെ വർദ്ധിപ്പിക്കുകയും കർത്താവ് എന്നെ സൗഖ്യപ്പെടുത്തുകയും ചെയ്തു. കർത്താവിന്റെ എന്നോടുള്ള ആ വലിയ സ്നേഹം എനിക്ക് അപ്പോൾ വെളിപ്പെടുകയുമായിരുന്നു. ഇത്രയേറെ എന്നെ നടത്തിയ എന്റെ ദൈവമെ ഞാനങ്ങയെ സ്തുതിക്കുന്നു.

**ജോയി. മുണ്ടക്കയം, Ph: 9605424572**

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

**ചർച്ച് ഓഫ് ഇറ്റേണിറ്റി**
**A/c No: 1034 0100 205 721**
**ഫെഡറൽ ബാങ്ക്,**
**തൃക്കാക്കര ബ്രാഞ്ച്,**
**എറണാകുളം**
**IFSC Code : FDRL 000 1034**




ത്തിന്റെ മുറിവിന് ലഘുവായി ചികിത്സിക്കുന്നു. മ്ലേച്ഛത പ്രവർത്തിച്ചതുകൊണ്ട് അവർ ലജ്ജിക്കേണ്ടി വരും; അവർ ലജ്ജിക്കുകയോ നാണം അറികയോ ചെയ്തിട്ടില്ല; അതുകൊണ്ട് വീഴുന്നവരുടെയിടയിൽ അവർ വീണുപോകും; ഞാൻ അവരെ സന്ദർശിക്കുന്ന കാലത്ത് അവർ ഇടറി വീഴും; നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്ന് പഴയ പാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിന് വിശ്രാമം ലഭിക്കും".

ഇവിടെയും കർത്താവ് പുരോഹിതന്മാരെയുംപ്രവാകന്മാരെയും സകലവിധ ആദ്ധ്യാത്മികനേതാക്കളെയും തന്റെ ജനത്തിന്റെ ആത്മീയമുറിവിന് ലഘുവായി ചികിത്സിക്കുന്നതിനെ ശക്തമായി എതിർക്കുന്നു. യിരമ്യാവിന്റെ 7-ാം അദ്ധ്യായത്തിൽ 3 മുതൽ 11 വരെയുള്ള വചനങ്ങൾ കുറിയ്ക്കാം. "നിങ്ങളുടെ നടപ്പും പ്രവർത്തികളും നന്നാക്കുവിൻ. എന്നാൽ ഞാൻ നിങ്ങളെ ഈ സ്ഥലത്ത് വസിക്കുമാറാക്കും. യഹോവയുടെ മന്ദിരം, യഹോവയുടെ മന്ദിരം, യഹോവയുടെ മന്ദിരം, എന്നിങ്ങനെയുള്ള വ്യാജവാക്കുകളിലാശ്രയിക്കരുത്. നിങ്ങളുടെ നടപ്പും പ്രവൃത്തികളും നിങ്ങൾ വാസ്തവമായി നന്നാക്കുന്നുവെങ്കിൽ, നിങ്ങൾ തമ്മിൽ തമ്മിൽ ന്യായം നടത്തുന്നുവെങ്കിൽ പരദേശിയെയും അനാഥനെയും വിധവയെയും പീഡിപ്പിക്കാതെയും കുറ്റമില്ലാത്ത രക്തം ഈ സ്ഥലത്ത് ചിന്തിക്കാതെയും നിങ്ങൾക്ക് ആപത്തിനായി അന്യദേവന്മാരോട് ചെന്നു ചേരാതെയും ഇരിക്കുന്നുവെങ്കിൽ, ഞാൻ നിങ്ങളുടെ പിതാക്കന്മാർക്ക് കൊടുത്ത ദേശമായ ഈ സ്ഥലത്ത് നിങ്ങളെ എന്നും എന്നന്നേക്കും വസിക്കുമാറാക്കും. നിങ്ങൾ പ്രയോജനമില്ലാത്ത വ്യാജവാക്കുകളിൽ ആശ്രയിക്കുന്നു. നിങ്ങൾ മോഷ്ടിക്കുകയും കൊല ചെയ്യുകയും വ്യഭിചരിക്കുകയും കള്ളസത്യം ചെയ്യുകയും ബാലിന് ധൂപം കാട്ടുകയും നിങ്ങൾ അറിയാത്ത ദേവന്മാരോട് ചെന്നു ചേരുകയും ചെയ്യുന്നു. പിന്നെ വന്ന് എന്റ നാമം വിളിച്ചിരിക്കുന്ന ഈ ആലയത്തിൽ എന്റെ സന്നിധിയിൽ നിന്നുകൊണ്ട് ഞങ്ങൾ രക്ഷപെട്ടിരിക്കുന്നു എന്നു പറയുന്നത് ഈ മ്ലേച്ഛതകളൊക്കെയും ചെയ്യേണ്ടതിനുതന്നെയോ ? എന്റെ നാമം വിളിച്ചിരിക്കുന്ന ഈ ആലയം കള്ളന്മാരുടെ ഗുഹ എന്ന് നിങ്ങൾക്കു തോന്നുവോ ? എനിക്കും അത് അങ്ങനെ തന്നെ തോന്നുവെന്ന് യഹോവയുടെ അരുളപ്പാട്."

ആത്മീയതയുടെ കച്ചവടവൽക്കരണം എന്ന വാക്കുകളെ നമുക്ക് രണ്ട് വിധത്തിൽ വ്യാഖ്യാനിക്കാം. ഒന്ന്, പണസമ്പാദനലക്ഷ്യത്തോടെയുള്ള ആത്മീയ സംരംഭങ്ങൾ. രണ്ട്, യഥാർത്ഥ ആത്മീയത ഇല്ലാതിരിക്കെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ മുമ്പിൽ തങ്ങൾ യഥാർത്ഥ ആത്മീയത ഉള്ളവരാണെന്ന് വരുത്തിത്തീർക്കൽ. ആത്മയീയതയുടെ കച്ചവടവല്ക്കരണം എന്ന ദുർവിധിയെക്കുറിച്ച് യേശുക്രിസ്തു യോഹന്നാൻ 2-ൽ 13 മുതൽ 17 വരെ വാകൃങ്ങളിൽ പറഞ്ഞിരിക്കുന്നതറിയാത്തവർ ആരും കാണുകയില്ലെങ്കിലും ആവർത്തിച്ചുകൊള്ളട്ടെ. "യഹൂദന്മാരുടെ പെസഹാ സമീപം ആകകൊണ്ട് യേശു യെരുശലേമിലേക്കു പോയി. ദൈവാലയത്തിൽ കാള, ആട്, പ്രാവ് എന്നിവെയ വിൽക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻ വാണിഭക്കാരെയും കണ്ടിട്ട് കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടും കൂടെ എല്ലാവരെയും ദൈവാലയത്തിൽ നിന്ന് പുറത്താക്കി. പൊൻ വാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു. മേശകളെ മറിച്ചിട്ടു; പ്രാവുകളെ വിൽക്കുന്നവരോട് : ഇത് ഇവിടെനിന്ന് കൊണ്ടുപോകുവിൻ; എന്റെ പിതാവിന്റെആലയത്തെ വാണിഭശാലയാക്കരുതെന്ന് പറഞ്ഞു. അപ്പോൾ അവന്റെ ശിഷ്യന്മാർ നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളയുന്നു എന്ന് എഴുതിയിരിക്കുന്നത് ഓർത്തു" ആത്മീയവിഷയങ്ങളെ പണമുണ്ടാക്കുന്നതിനുള്ള ഉപാധിയാക്കൽ ആയി കണ്ടപ്പോഴാണ് യേശു ചാട്ടവാറുയർത്തുന്നത് എന്ന കാര്യം അന്നത്തേതുപോലെ ഇന്നും പ്രസക്തമാണെന്നത് നാം മറക്കാൻ പാടില്ല. ശുശ്രൂഷയുടെ പേരും പറഞ്ഞ് ലക്ഷോപലക്ഷം സമ്പാദിക്കത്തക്കവണ്ണം പരിശ്രമിക്കു




ന്നവരും, അങ്ങനെ കൊടുത്തുകൊടുത്ത് അവരെ അനാത്മികതയിലേക്ക് നയിക്കുന്നവും ഒരു പോലെ മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു. ആത്മീയപ്രസ്ഥാനങ്ങളിലൂടെ ടിവിചാനലുകൾ പോലും നടത്തി, പലയിടങ്ങളിലും വലിയ കൺവൻഷനുകൾ ഒക്കെ നടത്തിയും മറ്റും എങ്ങനെ ലാഭം കൊയ്യാം എന്ന കച്ചവട മനോഭാവം ഇക്കാലത്തും ശക്തിയാർജ്ജിച്ചുവരികയാണ്. മാമോനെ പ്രസാദിപ്പിക്കാനുള്ള ഈ മനോഭാവത്തിനെതിരെ നമ്മുടെ കർത്താവ് ചമ്മട്ടി ഉയർത്താതെയിരിക്കില്ല.

ദേവാലയത്തെക്കാൾ വലിയവനാണ് യേശു. യോനായെക്കാളും ശബ്ബത്തിനേക്കാളും ശലേമോനെക്കാളും വലിയവനാണേശു. ആലയത്തോടുള്ള എരിവ് ക്രമത്തിൽ പൗരോഹിത്യാധിപത്യത്തിന് കഴുത്ത് വെച്ചുകൊടുക്കലായി. പിന്നീട് അത് ആചാരാധിഷ്ഠിതമായ ആരാധനക്രമത്തിന് വഴി തുറന്നു കൊടുക്കലായി. അത്തരം പഴയനിയമത്തിന്റെ ചുവടു പിടിച്ചുള്ള ആദ്ധ്യാത്മികതയെ യേശു മനോഹരമായി തിരുത്തിയെഴുതി. കൈപ്പണിയായ ക്ഷേത്രങ്ങളിലെ വാസം അവസാനിപ്പിച്ച് രണ്ടോ മൂന്നോപേർ പ്രാർത്ഥിക്കുന്നയിടത്തേക്ക് ഇറങ്ങി വന്നു (അപ്പൊ.പ്ര.17:24; മത്താ.18:20). ആത്മാവായ ദൈവത്തെ(2 കൊറി.3:17) ആത്മാവിലും സത്യത്തിലും തന്നെയല്ലാതെ ആരാധിച്ചാൽ (യോഹ.4:24) ആ ആരാധന സത്യാരാധനയല്ലെന്ന് അവിടുന്ന് അടിവരയിട്ട് നമ്മെ പഠിപ്പിച്ചു. മാത്രമല്ല, യഥാർത്ഥ വിശ്വാസിയെ രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്ത ജനവുമായി അവിടുന്ന് അംഗീകരിച്ച് അനുഗ്രഹമാക്കുകയും (1 പത്രൊ.2:9) മൽക്കിസെദേക്കിന്റെ ക്രമപ്രകാരം ക്രിസ്തുയേശുവിനെ മഹാപുരോഹിതനാക്കി, പിതാവ് ഉയർത്തുകയും ചെയ്തു എന്ന പുതിയനിയമത്തിലെ ഏറ്റവും വലിയ രക്ഷാകരമായതും സ്വർഗ്ഗീയമായതും ആയ ആ വിശുദ്ധ തീരുമാനമെടുക്കുകയും ചെയ്തു.

ദൈവരാജ്യത്തിൽ യാതൊരു വിധത്തിലുമുള്ള മുഖംനോട്ടവും ഇല്ല. മതപൗരോഹിത്യ മണ്ഡലത്തിലും പാസ്റ്റർ മണ്ഡലത്തിലും ഏതെങ്കിലും തരത്തിലുള്ള മുഖംനോക്കി പരിഗണിക്കലുകളുണ്ടെങ്കിൽ അതിനുത്തരവാദിയായവരുടെ ഈഗോ അവരെ വിശുദ്ധിയിൽ നിന്നുമകറ്റിയതുകൊണ്ടാണ്. കൃപയാലത്രെ നമുക്ക് എന്തെങ്കിലും അസ്തിത്വമുണ്ടായത് (എഫേ.2:5). എനിക്ക് ലഭിച്ച ദൈവകൃപയ്ക്കൊത്തവണ്ണമാണ് ഞാൻ പെരുമാറുന്നതെന്ന് (1കൊറി.3:10–ലും, 15:10–ലും) അപ്പൊസ്തലനായ പൗലോസ് പറഞ്ഞിട്ടുള്ളത് നമുക്കോർക്കാം. ദൈവം നമ്മോട് വൻ കൃപ കാണിച്ചു. നാമും അനേകരോട് അത് കാണിക്കേണ്ടതുണ്ട്. മാനവസമൂഹത്തെ അങ്ങേയറ്റം സ്നേഹിക്കുകയും കരുതുകയും ചെയ്യണമെങ്കിലും, ദൈവരാജ്യാനുഭവത്തിൽ മാനുഷികമാനദണ്ഡങ്ങൾ വിഭാഗീയതകൾ ഉണ്ടാക്കാൻ പാടില്ല.

**കാത്തലിക് സമൂഹം**

"ആത്മാഭിഷേകം" മാസികയും, ദൈവം പിന്നീട് അതിനെ പുസ്തകമാക്കുമെങ്കിൽ ആ പുസ്തകത്തെയും, നിരവധി കത്തോലിക്കാ വൈദികരും സന്യാസിനികളും വായനാശീലവും, ദൈവത്തെപ്പറ്റി കൂടുതൽ അറിയുവാൻ ആഗ്രഹവുമുള്ളവരും തീർച്ചയായും വായിക്കും. അതോടുകൂടി ചിന്തിക്കുകയും പ്രാർത്ഥിക്കുകയും കൂടിചെയ്താൽ സത്യമറിയുകയും സത്യം അവരെ ആത്മീയമായി സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ.8:32).

1. എന്റെ രാജ്യം ഐഹീകമല്ല എന്ന് പഠിപ്പിച്ച ക്രിസ്തുവിന്റെ പിൻഗാമികൾ ഒരു ഐഹീകരാജ്യനിർമ്മാണത്തിന് ഒത്തവണ്ണം 8 കുരിശുയുദ്ധങ്ങൾ നടത്തുകയുണ്ടായി. AD 1095 മുതൽ 1270 വരെയുള്ള കാലഘട്ടത്തിൽ മാർപ്പാപ്പമാരാണ് ഈ യുദ്ധങ്ങൾക്ക് ആഹ്വാനം ചെയ്തത്. ഇസ്ലാം മതാനുയായികൾ ഉൾപ്പെടെ ലക്ഷങ്ങളാണ് അതിദയനീയമായി ഈ കുരിശുയുദ്ധങ്ങളിൽ മരിച്ചു വീണത്. അവർ ക്രൈസ്തവമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ആത്മസംയമനം പാലിക്കയല്ലായിരുന്നോ വേണ്ടത്? തുർക്കികളുടെ ആക്രമണത്തിൽ നിന്നും പൗരസ്ത്യക്രൈസ്തവസഭകളെ രക്ഷിക്കുവാനും ക്രിസ്തുവിന്റെ കല്ലറ മുസ്ലീം അധീനതയിൽനിന്നും വീണ്ടെടുക്കുവാനുമാണ് ഗ്രിഗറി 7–ാമൻ മാർപ്പാപ്പായിലൂടെ (1073–1085) ആഹ്വാനം തുടങ്ങി, ഊർബ്ബൻ 2–ാമൻ മാർപ്പാപ്പായിലൂടെ (1088–1099) 1–ാം കുരിശുയുദ്ധം നടന്നത്. തുടർന്നുണ്ടായ 7 കുരിശുയുദ്ധങ്ങളുടെ കാര്യം മറ്റൊരു സന്ദർഭത്തിൽ പറയാം. താഴെ പറയുന്ന മാർപ്പാപ്പാമാരാണ് ആ കുരിശുയുദ്ധങ്ങൾക്ക് നേതൃത്വം കൊടുത്തത്. ഊർബ്ബൻ രണ്ടാമനുശേഷം 1. എവുജിൻ മൂന്നാമൻ (1145–1153), 2. അലക്സാണ്ടർ മൂന്നാ





എന്റെ പേര് സുധ. എന്റെ വീട് ചങ്ങനാശ്ശേരിയിലാണ്. വിവാഹ ശേഷം ഞാൻ ചെന്നൈയിലാണ് താമസിക്കുന്നത്. 2015-ൽ ഞാൻ 5 മാസം ഗർഭിണിയായിരിക്കുമ്പോൾ സ്കാൻ ചെയ്യുകയും അപ്പോൾ വയറ്റിൽ ഒരു മുഴ പോലെ കാണപ്പെടുന്നുണ്ടെന്നും അപ്പെൻഡിക്സാണെന്നും ഓപ്പറേഷൻ വേണമെന്നും ഡോക്ടർ പറഞ്ഞു. അങ്ങനെ ഞാൻ ആശുപത്രിയിൽ അഡ്മിറ്റായി. അപ്പോൾ കണ്ണൂർ ജില്ലയിലുള്ള പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ ദേവസ്യാ മുല്ലക്കരസാറിന്റെ നേതൃത്വത്തിലുള്ള ധ്യാനം നടക്കുകയായിരുന്നു. എന്റെ അമ്മ ആ ധ്യാനത്തിൽ പങ്കെടുക്കുകയും സാറിനോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് പറയുകയും ചെയ്തു. സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. കർത്താവ് ആ പ്രാർത്ഥന കേട്ടുവെന്ന് പിന്നീടുള്ള എന്റെയനുഭവത്തിൽ നിന്ന് എനിക്ക് മനസ്സിലായി. സ്കാൻ ചെയ്തപ്പോൾ ഇപ്പോൾ ഓപ്പറേഷനൊന്നും വേണ്ട, മുഴ കാണാനില്ലെന്ന് ഡോക്ടർ പറഞ്ഞു. അങ്ങനെ അത്ഭുതകരമായി എനിക്ക് സൗഖ്യം കിട്ടി. എന്നെ ഇത്ര മാത്രം സ്നേഹിക്കുന്ന എന്റെ ദൈവത്തെ ഞാനെത്ര സ്തുതിച്ചാലാണ് മതിയാവുക.

**സുധ. ചങ്ങനാശ്ശേരി.Ph: 09443598122**




മൻ (1159-1181), 3. ഇന്നസെന്റ് മൂന്നാമൻ (1198-1216), 4. ഗ്രിഗറി ഒമ്പതാമൻ (1227-1241), 5. ഇന്നസെന്റ് നാലാമൻ (1243-1254), 6. ഊർബൻ നാലാമൻ (1261-1264).

അതുപോലെ ഇൻക്വിസിഷൻ ക്യാമ്പുകളിൽ (മതദ്രോഹവിചാരണാകോടതികളുടെ അകമ്പടിയോടെ) എത്രയെത്ര പതിനായിരങ്ങളെയാണ് ശ്വാസം മുട്ടിച്ചുകൊന്നതെന്നോ ? "ജിഹാദ്" എന്ന പേരിൽ വിശുദ്ധയുദ്ധങ്ങൾ ഇസ്ലാമും നടത്തിയിട്ടുണ്ട്. ഇസ്ലാം മതസ്ഥാപകനയ മുഹമ്മദ്നബി ഇതിനായി ആഹ്വാനം ചെയ്തിരുന്നു. രാഷ്ട്രതന്ത്രജ്ഞനും സൈന്യാധിപനും ഒക്കെയായി വേഷമിട്ടിരുന്നു മുഹമ്മദ് നബി. AD 630-ൽ അദ്ദേഹമാണ് മെക്ക പിടിച്ചെടുത്തത്. 632-ൽ അദ്ദേഹം മരിച്ചതിനുശേഷം രാജ്യത്തിന്റെ ഭരണാധികാരികൾ എന്നറിയ

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# അടിസ്ഥാന ദൈവശാസ്ത്രം

ആമുഖം ഭാഗം 3

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

പ്പെടുന്ന ഖാലിഫമാരാണ് ഭരിച്ചിരുന്നത്. ഖാലിഫമാരുടെ ആക്രമണത്തിന് ക്രൈസ്തവസമൂഹവും ഇരയായിട്ടുണ്ട്. അബുബക്കർ 632-34 കാലഘട്ടത്തിലും ഉമ്മർ 634-644 കാലഘട്ടത്തിലും പാലസ്തീനായും, സിറിയയും ഈജിപ്തും ആക്രമിച്ചു കീഴടക്കുകയുണ്ടായി എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാത്തലിക് ചർച്ചിന്റെയും ഇസ്ലാം മതത്തിന്റെയും പഴയകാലചരിത്രം അറിയാത്തവരില്ല. പക്ഷെ എല്ലാം ഒരു "അഡ്ജസ്റ്റ്മെന്റാ"ണെന്ന് കരുതി എല്ലാവരും മറക്കുന്നു. ok. പക്ഷെ കാത്തലിക് ചർച്ച് ക്രിസ്തുവിന്റെ സഭയാണെന്നതവർ ഓരോ നൂറ്റാണ്ടു കഴിയുമ്പോഴും മറന്നുകളയുന്നു. അത് മാർപ്പാപ്പായുടെയും കർദ്ദിനാളിന്റെയും മെത്രാന്റെയും ഇവർക്ക് വീടുപണിയെടുക്കുന്ന 'അച്ചന്റെ'യും 'അമ്മ'യുടേയും 'കമ്മറ്റി'ക്കാരുടെയും ആയാലും തങ്ങൾക്കൊന്നുമില്ലെന്ന മട്ടിലാണ് പൊതുജനം. പിരിവ് പറ്റുന്നിടത്തോളം കൊടുക്കും. അച്ചന്മാരുടെയൊ ബിഷപ്പിന്റെയൊ കുറ്റങ്ങളും കുറവുകളും ആരെങ്കിലും പറഞ്ഞാൽ "അവരും മനുഷ്യരല്ലേ" എന്ന് പ്രതികരിക്കും. വെഞ്ചെരിപ്പ് വന്നാൽ വണങ്ങും. പെരുന്നാളിന് ലീവെടുത്ത് നേർച്ചകാഴ്ചകൾ കൊടുക്കും. കുർബ്ബാനസമയത്ത് കൂടുതൽ ഉറങ്ങാതിരിക്കാൻ ശ്രദ്ധിക്കും. കുമ്പസാരം ഒരു വിധത്തിൽ ഒപ്പിക്കും. കൊന്ത ചൊല്ലിയെന്ന് വരുത്തും. എന്നാൽ വിശുദ്ധവേദപുസ്തകസത്യങ്ങളുമായി ഏതൊക്കെ കാര്യത്തിൽ ഈ സഭകൾക്ക് യോജിപ്പുണ്ടെന്നും ഏതൊക്കെ കാര്യത്തിൽ തിരുവചനങ്ങൾ അനുസരിക്കുന്നുണ്ടെന്നും ഇതെഴുതുന്ന ആൾ ആഴത്തിൽ പരിശോധിച്ചതുപോലെ പരിശോധിച്ചില്ലെങ്കിലും സമാന്യമായി പരിശോധിക്കേണ്ടതുണ്ട്. കാരണം നിത്യജീവന്റെ പ്രശ്നമാണത്; നമുക്ക് സ്വർഗ്ഗത്തിലെ



എന്റെ പേര് തങ്കമണി. ഞാൻ കർണ്ണാടകയിൽ ഓപ്പള്ളി എന്ന സ്ഥലത്ത് താമസിക്കുന്നു. എന്റെ മകൻ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഞങ്ങൾ വഴക്കുപറഞ്ഞതിന് വീടുവിട്ട് പോയി. എവിടെയാണെന്നോ എങ്ങനെയാണെന്നോ ഒരു വിവരവും അറിയാതെ വിഷമിച്ചിരിക്കുമ്പോൾ ഞങ്ങൾ ദേവസ്യാസാറിന്റെയടുക്കൽ പ്രാർത്ഥിക്കാൻ വന്നു. പ്രാർത്ഥനാമദ്ധ്യേ സാർ പറഞ്ഞു യാതൊരു കുഴപ്പവുമില്ല അവൻതിരിച്ചുവരും. അതുപോലെ തന്നെഅവൻ തിരിച്ചുവന്നു. ഞങ്ങളോടൊപ്പം സന്തോഷത്തോടെ താമസിക്കുന്നു. അനുഗ്രഹിച്ച ദൈവത്തിനുസ്തോത്രം, നന്ദി.




# അടിസ്ഥാന ദൈവശാസ്ത്രം

ആമുഖം ഭാഗം 3

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

ത്തേണ്ടതുണ്ട്. നമുക്ക് നിത്യത തരുന്നത് ത്രീയേക ദൈവം ആണ്. ത്രിത്വത്തിൽ യേശു സത്യദൈവവും നിത്യജീവനും ആകുന്നു (1 യോഹ.5:20). നിത്യജീവൻ നൽകുവാനിരിക്കുന്നത് അന്തിമന്യായവിധിയിലൂടെയാണ്. ആ വിധിയും പുത്രനായി വന്ന മ്ശിഹയായ ക്രിസ്തുവിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. " എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രന് കൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല.ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു. ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു : മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു.പിതാവിന് തന്നിൽ ത്തന്നെ ജീവനുള്ളതുപോലെ അവൻ പുത്രനും തന്നിൽത്തന്നെ ജീവനുള്ളവനാകുവാൻ വരം നൽകിയിരിക്കുന്നു. അവൻ മനുഷ്യപുത്രനാകയാൽ ന്യായവിധി നടത്തുവാൻ അവന് അധികാരവും നൽകിയിരിക്കുന്നു" (യോഹ.5:22-27). എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് (പിതാവിനെ) നിത്യജീവൻ ഉണ്ട് എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. യോഹ.3:16-ലോ ? "തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" എന്നും സത്യവചനം. ഇവിടെ നിത്യജീവൻ ലഭിക്കുന്നത് പിതാവിന്റെ ഏകജാതനിൽ വിശ്വസിക്കുന്നവനാണെന്നും, തന്നെ അയച്ചവനിൽ വിശ്വസിക്കുന്നവനാണെന്നും പറഞ്ഞിരിക്കുന്നതിന്റെ ഗൗരവമുള്ള അർത്ഥം ഇതാണ് : ത്രിത്വമാണ് ദൈവം, പുത്രനായ ക്രിസ്തു വഴിയാണ് രക്ഷ ഒരുക്കിയിരിക്കുന്നത്. ദൈവം ദൈവമായിരിക്കാതെ മനുഷ്യപുത്രനായി വന്നത് യേശുവിലൂടെയായതുകൊണ്ട് യേശുവിൽ വിശ്വസിച്ച് മാനസാന്തരാനുഭവത്തിലൂടെ സ്നേഹത്തിലും പ്രത്യാശയിലുമായി ആത്മാവാൽ നയിക്കപ്പെടുന്നവനാണ് നിത്യജീവൻ.

നമുക്ക് നിത്യത നൽകുന്നതിനു വേണ്ടി സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യം വഹിക്കുന്നത് യേശുവാണെന്നും മറ്റാരും യേശുവിന് തുല്യരല്ലെന്നും മാദ്ധ്യസ്ഥ്യത്തിന് യോഗ്യരല്ലെന്നും തിരുവചനം പഠിപ്പിക്കുമ്പോൾ ചില പൗരോഹിത്യമതങ്ങൾ ആ വചനത്തെ മറി കടന്ന് അവരുടെ ഭാവനയിൽ തോന്നിയ മാതാവെന്ന മറിയത്തെയും മരിച്ചുപോയ ഏതാനും സ്ത്രീപുരുഷന്മാരെയും മദ്ധ്യസ്ഥരാക്കി വെച്ച്, അവരുടെ പ്രതിമകളും ഉണ്ടാക്കി സ്ഥാപിച്ച് പ്രചരിപ്പിച്ച്, അവർക്കെല്ലാം വേണ്ടി പെരുനാളുകളും വമ്പൻ പള്ളി-കുരിശിൻതൊട്ടികളും ഒക്കെ പണിയുന്നതും എല്ലാമെല്ലാം അത്തരം പൗരോഹിത്യസഭകൾ പുലർത്തുന്നത് ഒരു "മഹാബാബിലോൺ ഹീന സംസ്ക്കാര" ത്തിന്റെ പിൻതുടർച്ചക്കാരാണ് തങ്ങളെന്ന് തെളിയിക്കുകയാണ്. വെളിപ്പാട് പുസ്തകം 17-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗം കെ.സി.ബി.സി ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ വിവർത്തനത്തിൽ നിന്നും എഴുതാം.

"ഏഴ് പാത്രങ്ങൾ പിടിച്ചിരുന്ന ഏഴ് ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട് പറഞ്ഞു : വരിക, സമുദ്രങ്ങളുടെമേൽ ഉപവിഷ്ടയായിരിക്കുന്ന മഹാവേശ്യയുടെമേലുള്ള ശിക്ഷാവിധി നിനക്കു ഞാൻ കാണിച്ചുതരാം. അവളോടുകൂടെ ഭൂമിയിലെ രാജാക്കന്മാർ വ്യഭിചാരം ചെയ്തു. അവളുടെ ദുർവൃത്തിയുടെ വീഞ്ഞ് കുടിച്ച് ഭൂവാസികൾ ഉന്മത്തരായി. ആ ദൂതൻ ആത്മാവിൽ എന്നെ മരുഭൂമിയിലേക്ക് നയിച്ചു. ദൈവദൂഷണപരമായ നാമങ്ങൾ നിറഞ്ഞതും, ഏഴ് തലയും പത്ത് കൊമ്പും കടും ചെമപ്പുനിറമുള്ളതുമായ ഒരു മൃഗത്തിന്റെ മേൽ ഇരിക്കുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടു. ആ സ്ത്രീ ധൂമ്രവും കടും ചെമപ്പും നിറമുള്ള വസ്ത്രം ധരിച്ചിരുന്നു. സ്വർണ്ണവും വിലപിടിച്ച രത്നങ്ങളും മുത്തുകളുംകൊണ്ട് അലംകൃതമായിരിക്കുന്നു. വേശ്യാവൃത്തിയുടെ അശുദ്ധികളും മ്ലേച്ഛതകളും കൊണ്ട് നിറഞ്ഞ ഒരു പൊൻചഷകം അവളുടെ കൈയിൽ ഉണ്ടായിരുന്നു. അവളുടെ നെറ്റിത്തടത്തിൽ ഒരുനിഗൂഢനാമം എഴുതപ്പെട്ടിരിക്കുന്നു - മഹാബാബിലോൺ - വേശ്യകളുടെയും ഭൂമിയിലെ വേശ്യകളുടെയും മാതാവ്" (വെളി.17:1-5). വേശ്യ എന്ന്




വിളിക്കുന്നതാരെയാണെന്നും, വേശ്യാവൃത്തിയെന്ന് പറയുന്നതെന്തിനെയാണെന്നും POC ബൈബിളിൽ ആ പേജിന്റെയടിയിൽ എഴുതിയിരിക്കുന്നത് കുറിക്കാം. **"റോമാനഗരത്തെയാണ് വേശ്യ എന്ന് വിളിച്ചിരിക്കുന്നത്. വേശ്യാവൃത്തി വിഗ്രഹാരാധനയെ സൂചിപ്പിക്കുന്നു"**

ഇതാണ് സത്യം. വിഗ്രഹാരാധന ആകുന്ന വേശ്യാവൃത്തിയും ചെയ്ത് മഹാബാബിലോൺ സംസ്ക്കാരത്തിൽ കഴിയുന്ന ഇത്തരം സഭകളിൽ കഴിയുന്ന, കൃഷിക്കാരും വിദ്യാസമ്പന്നരും സാംസ്ക്കാരികമായി നല്ല നിലയിലുള്ളവരുമായ ഈ കോടികളുടെ "കണ്ണിൽപ്പൊടി" ഇട്ടുകൊണ്ട് ഒരു ആനച്ചന്തത്തിൽ സഭയെ മുന്നോട്ടുകൊണ്ടുപോകാൻ പൗരോഹിത്യത്തിന് കഴിയും ഇനി കുറച്ചുനാൾകൂടി. എന്നാൽ തമ്പുരാന്റെ മുമ്പിൽ കണ്ണിൽപ്പൊടി ഇടുവാൻ ആർക്കും കഴിയുകയില്ലല്ലൊ. അവസാന ന്യായവിധിയിൽ ഈ മഹാബാബിലോൺ വേശ്യയെ നയിക്കുന്നവരും അതിൽ പോയും വന്നും സഹകരിക്കുന്നവരും നരകശിക്ഷക്ക് ഇരയായിത്തീരും. കരിസ്മാറ്റിക്കുകളുടെ ലീഡേഴ്സ് ആയും വിവിധ കൃപാവരങ്ങളും സ്ഥാനമാനങ്ങളും ലഭിച്ചതുകൊണ്ടും വാങ്ങിയതുകൊണ്ടും വളരെയേറെ സന്തോഷത്തോടുകൂടി തങ്ങൾ ആത്മയീജീവിതമാണ് നയിക്കുന്നതെന്ന് കരുതി മുന്നോട്ട് പോകുന്നവർ ഓർക്കേണ്ടതുണ്ട്, അമ്മ, അമ്മയാണെങ്കിലും അവൾ വേശ്യയാണെന്ന് അറിഞ്ഞാൽ മാനാഭിമാനമുള്ള മക്കൾ അവളെ വിട്ടുമാറിപോകുക തന്നെ ചെയ്യും.

വെളിപാടു പുസ്തകം 21-ൽ 8-ാം വാക്യത്തിൽ അന്തിമന്യായവിധിയിൽ ആരെയൊക്കെയാണ് നിത്യനിത്യനരകത്തിലേക്കയക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നും ജപമാല ചൊല്ലിയും "അമ്മയെ വിട്ടു കളിയില്ല" എന്നു പറഞ്ഞും, കുടുംബാംഗങ്ങൾ ആരെങ്കിലും സത്യവചനമറിഞ്ഞ് മഹാബാബിലോൺ വേശ്യയെ വിട്ട് യഥാർത്ഥ സ്വർഗ്ഗീയ യെരൂശലേമിനെ ലക്ഷ്യം വെച്ച് അതിവിശുദ്ധമായി ജീവിക്കുമ്പോൾ, അവർ ചെയ്യുന്ന "മാതൃനിന്ദ" ക്ക് പരിഹാരമായി, മാതാവിന്റെ ഉയരം കൂടിയ ബിംബങ്ങൾ സ്ഥാപിച്ച് പാപപരിഹാരം ചെയ്യുന്നവരും ഒക്കെ – അതൊക്കെ വചനപരിജ്ഞാനമില്ലാത്തതുകൊണ്ടാണ് – ഈ തിരുവചനങ്ങൾ വായിച്ചറിഞ്ഞ് മാനസാന്തരപ്പെടുവാനിടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു: "ഞാൻ ആൽഫയും ഒമേഗയും ആകുന്നു. ആദിയും അന്തവും". (ജീവിക്കുന്ന ദൈവമായ യേശുവിനെപ്പറ്റിയാണ് ഇങ്ങനെ പറയുന്നത്. കുർബ്ബാന എഴുന്നള്ളിച്ചുവെച്ചിരിക്കുന്നതോ സക്രാരിയിൽ അടച്ചുവെച്ചിരിക്കുന്നതോ അല്ല. ആത്മാവായ യേശു തന്നെ)

**"ദാഹിക്കുന്നവന് ജീവജലത്തിന്റെ ഉറവയിൽ നിന്ന് സൗജന്യമായി ഞാൻ കൊടുക്കും. വിജയം വരിക്കുന്നവന് ഇവയെല്ലാം അവകാശമായി ലഭിക്കും. ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും".** (വചനത്തോടും നിത്യതയോടും ഉള്ള ദാഹമാണ് ഇവിടെ പരാമർശിച്ചത്. ജീവജലം ക്രിസ്തുവിന്റെ ആത്മാവാണ്) എന്നാൽ ഭീരുക്കൾ (യേശുവിന് പകരം, പൗരോഹിത്യത്തെ ഭയപ്പെട്ട് പലതിനെയും ഉയർത്തി, വചനത്തെ വചനമായി അവതരിപ്പിക്കുന്നതിനു പകരം, പള്ളിയാചാരങ്ങളെ ഉയർത്തുന്നവർ) അവിശ്വാസികൾ (ത്രീയേകദൈവത്തെ വിശ്വസിക്കുന്നതിനുപകരം യേശു വഴിയുള്ള "ഡയറക്ട് പാപമോച"നത്തിന് പകരം വിവിധ കൂദാശകളിലൂടെയാണ് പാപമോചനമെന്ന് കരുതുന്നവരും) യേശു എന്ന ഏകമദ്ധ്യസ്ഥനുപകരം (1 തിമൊ.2:5) ബഹുമദ്ധ്യസ്ഥന്മാരെ കരുതുന്നവരും, യേശുവിന്റെ കാൽവരിയാഗം എന്ന ഏകയാഗത്തിനുപകരം പാപങ്ങളകറ്റാൻ കഴിവില്ലാത്ത അനുദിനകുർബ്ബാനകളിൽ സംബന്ധിക്കുന്നവരും (എബ്രായർ 10:11,12,13,14) ദുർമാർഗ്ഗികൾ, കൊലപാതകികൾ, വ്യഭിചാരികൾ, മന്ത്രവാദികൾ, വിഗ്രഹാരാധകർ (പള്ളിയിലും വീട്ടിലുമിരിക്കുന്ന ബിംബങ്ങളെ വണങ്ങുന്ന, അപ്പവീഞ്ഞുകളെയും കുർബ്ബാനയെയും ആരാധിക്കുന്നവർ എല്ലാം വിഗ്രഹാരാധികളാണ്). കാപട്യക്കാർ (ദൈവവചനമായ ബൈബിൾ, കാത്തലിക്ക്ചർച്ചുണ്ടാകും മുമ്പെ, പഴയനിയമവും പുതിയനിയമവും ഉണ്ടായി, എന്നതാണ് സത്യം, എന്നിട്ടും സഭയാണ് ബൈബിൾ എഴുതിയതെന്നും സഭയ്ക്കാണ് അവ വ്യാഖ്യാനിക്കാൻ അധികാരം എന്നും പഠിപ്പിക്കുന്ന പാവം പൗരോഹിത്യ നേതൃത്വത്തിന്റെ പ്രമുഖ പാപമാണിത്) എന്നിവരുടെ ഓഹരി തീയും ഗന്ധകവും എരിയുന്ന തടാകമായിരിക്കും (വെളി.21:6,7,8) •




## ഭാവിതലമുറകളെ ഇരുട്ടിലാക്കുന്ന സംഘർഷങ്ങൾ

ബെയ്റൂത്ത് : സംഘർഷങ്ങളും പാലായനവും കുട്ടികളുടെ വിദ്യാഭ്യാസത്തെ എങ്ങനെ ബാധിക്കുന്നുവെന്നുള്ള ദയനീയ ചിത്രങ്ങൾ വരച്ചുകാട്ടുന്ന റിപ്പോർട്ട് യുനീസെഫ് പുറത്തുവിട്ടു. ആഭ്യന്തരസംഘർഷങ്ങളും മറ്റും കാരണം ദുരിതമനുഭവിക്കുന്ന മധ്യേഷ്യൻ, വടക്കൻ ആഫ്രിക്കൻ രാജ്യങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസം അടഞ്ഞ അദ്ധ്യായമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. സിറിയ, ഇറാഖ്, യെമൻ, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ ഒരു തലമുറയുടെ ഭാവി തന്നെ അവതാളത്തിലാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 130 ലക്ഷത്തിലധികം കുട്ടികളാണ് സംഘർഷപൂരിതമായ ഈ രാജ്യങ്ങളിൽ സ്കൂളിൽ പോകാതെ കഴിയുന്നത്. കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റുംവേണ്ടിയാണ് മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറുന്നത് എന്നാണ് പാലായനം ചെയ്യുന്നവർ പലപ്പോഴും പറയാറുള്ളത്. സിറിയയുമായി അതിർത്തി പങ്കിടുന്ന ലബനാൻ, ജോർദ്ദാൻ എന്നീ രാജ്യങ്ങൾ വൻ തോതിലുള്ള അഭയാർത്ഥികളെയാണ് ഉൾക്കൊള്ളുന്നത്. സുഡാനിന്റെയും, പലസ്തീനിന്റെയും അയൽരാജ്യങ്ങളുടെയും അവസ്ഥ വിഭിന്നമല്ല. സ്കൂളുകൾക്ക് നേരെ നിരന്തരമുണ്ടാകുന്ന ആക്രമണങ്ങൾ കുട്ടികളെ സ്കൂളിൽ പറഞ്ഞയയ്ക്കുന്നതിൽ നിന്ന് രക്ഷിതാക്കളെ പിന്തിരിപ്പിക്കുന്നു. പല സ്കൂളുകളും അഭയാർത്ഥിക്യാമ്പുകളായി ഉപയോഗിക്കുകയും ചെയ്യുന്നു. സിറിയ, ഇറാഖ്, യെമൻ, ലിബിയ എന്നീ രാജ്യങ്ങളിൽ മാത്രംപഠനം നടക്കാത്ത 9,000 സ്കൂളുകളുണ്ട്. ആയിരക്കണക്കിന് അദ്ധ്യാപകരാണ് ആക്രമണഭീതിയെ തുടർന്ന് ജോലി ഉപേക്ഷിച്ചത്. അഭയം തേടുന്ന രാജ്യങ്ങളിൽ കുട്ടികളെ ഉൾക്കൊള്ളാൻ മാത്രമുള്ള പഠനസൗകര്യങ്ങളുമില്ലെന്ന് യൂനിസെഫ് റീജിയണൽ ഡയറക്ടർ പീറ്റർ സലാമ പറഞ്ഞു. രണ്ടാംലോക മഹായുദ്ധത്തിന് ശേഷമുള്ള ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹത്തിനാണ് ലോകം ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. വിശപ്പകറ്റാൻ സ്കൂളിൽ പോകാതെ പുറംജോലി തേടിപ്പോകുന്ന പലകുട്ടികളും വൻതോതിൽ ചൂഷണത്തിന് വിധേയമാകുന്നുണ്ട്. ഇവരിൽപലരും പെട്ടെന്നു തന്നെ തീവ്രവാദഗ്രൂപ്പുകളിൽ എത്തിപ്പെടുന്നതായും യുനീസെഫ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ചെറുപ്രായത്തിൽ തന്നെ പലരും ആയുധപ്രയോഗങ്ങളിൽ അവഗാഹം നേടുന്നു. ആഭ്യന്തരസംഘർഷത്തിനിടയിൽ തട്ടിക്കൊണ്ടുപോകപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന കുട്ടികളും അദ്ധ്യാപകരും കുറവല്ലെന്ന് റിപ്പോർട്ട് പറയുന്നു.

കടപ്പാട് : തൂലികാന്യൂസ്

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

2015 October - November

| | | |
|---|---|---|
| ഒക്ടോബർ | 12-17 | ബഹ്റിൻ |
| ഒക്ടോബർ | 18 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ (കുരിശുപള്ളിക്ക് സമീപം). Ph:9961854203, Time: 10am 3pm |
| ഒക്ടോബർ | 19 | ഭവനസന്ദർശനം. അടൂർ |
| ഒക്ടോബർ | 20 | ഭവനസന്ദർശനം. പത്തനാപുരം |
| ഒക്ടോബർ | 22 | ഭവനസന്ദർശനം. പുനലൂർ |
| ഒക്ടോബർ | 23 | ഏകദിനകൺവെൻഷൻ. അടൂർ. YMCA ഓഡിറ്റോറിയം. അടൂർ. Ph:9539769595.Time: 10am 3pm |
| ഒക്ടോബർ | 24 | ഏകദിന കൺവെൻഷൻ. പുനലൂർ. എം. ജെ. എസ്. ടൂറിസ്റ്റ് ഹോം. (opp.Market). Ph:9447248425.Time: 10am 3pm |
| ഒക്ടോബർ | 25 | ഏകദിനകൺവെൻഷൻ. കൂടൽ, പത്തനാപുരം. ശ്രുതി ഓഡിറ്റോറിയം. opp.കൂടൽ പോലീസ് സ്റ്റേഷൻ. Ph:9037705419.Time: 10am 3pm |
| ഒക്ടോബർ | 26 | ഭവനസന്ദർശനം തലയോലപ്പറമ്പ്. Ph:9447370460. |
| ഒക്ടോബർ | 27 | ഭവനസന്ദർശനം കൂത്താട്ടുകുളം. Ph:9400931331. |
| ഒക്ടോബർ | 28 | ഭവനസന്ദർശനം. കടുത്തുരുത്തി. Ph:9747162519 |
| ഒക്ടോബർ | 29 | ഭവനസന്ദർശനം. കുറുപ്പുംന്തറ. Ph:9947260420 |
| ഒക്ടോബർ | 30 | ഭവനസന്ദർശനം. ഏറ്റുമാനൂർ. Ph:9947260420 |
| ഒക്ടോബർ | 31 | കൺവെൻഷൻ. ഏറ്റുമാനൂർ. വ്യാപാരഭവൻ. Ph:9947260420.Time: 10am 3pm |
| നവംബർ | 1 | ഏകദിന കൺവെൻഷൻ, എറണാകുളം ടൗൺഹാൾ. .Time: 10am 3pm (നോർത്ത് റെയിൽവെ പാലത്തിനു സമീപം) Ph:9388487301, 9745971555, 9947217398 |
| നവംബർ | 6 | ഭവനസന്ദർശനം. ഈരാറ്റുപേട്ട |
| നവംബർ | 7 | കൺവെൻഷൻ. പൊൻകുന്നം. PH:9947267701. Time: 10am 3pm |
| നവംബർ | 10 | കൺവെൻഷൻ. എരുമേലി റോട്ടറിക്ലബ്ബ്. PH:9388608345.Time: 10am 3pm |
| നവംബർ | 12- 13 | ഭവനസന്ദർശനം. കറുകച്ചാൽ. |
| നവംബർ | 14 | കൺവെൻഷൻ. കറുകച്ചാൽ വ്യാപാരഭവൻ. PH:9387841020.Time: 10am 3pm |
| നവംബർ | 15 | കൺവെൻഷൻ. കോഴിക്കോട്, വ്യാപാരഭവൻ നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ (കുരിശുപള്ളിക്ക് സമീപം). Ph:9961854203 Time: 10am 3pm |
| നവംബർ | 16-ഡിസം.15 | തിരുവനന്തപുരം. Ph:9446718242 |

ATHMABHISHEKAM MONTHLY
2015 OCTOBER
RNI No. KER/ MAL/03/12060 - KL/ KNR /41/13 -15

Rs.20.00

Licence No. KL/PMG/NR/WPP/1-2/KNR/2013-2015
License to post without prepayment
Published on 17th October 2015



"ഇതു കേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രോസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. പത്രോസ് അവരോട് : നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അപ്പൊ.2:37,38). തിരുവല്ല കൺവെൻഷനിൽ സ്നാനപ്പെട്ടവരിൽ ചിലർ.

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).